കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മൂത്തേടം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

കെ.എസ്.എ.എം.പി.എം.5/1821/2017

സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം ജില്ല.

e-mail:dompm.ksad@kerala.gov.in

തീയതി.19-08-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മൂത്തേടം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:മൂത്തേടം ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 22,23,1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1). ഡയറക്ടർ, ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

MAC7/18

നം.കെ.എസ്.എ.എം.പി.എം.5/1821/2017 തിയ്യതി.19-08-2017

## മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.10.2016 മുതൽ 23.07.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എ.എസ്.ഷാജഹാൻ,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.07.2017 മുതൽ 01.08.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സതീഷ് എം.പി,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. വേലായുധൻ.കെ.ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. രാമകൃഷ്ണൻ.ടി, ഓഡിറ്റർ |
| | ശ്രീമതി. സുജാത.എം ,ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ.

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. സി.ടി.രാധാമണി | 01-04-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീമതി. എം.രമണി | 01-04-2016 മുതൽ 31-05-2016 വരെ |
| | ശ്രീ. കെ.എ. അബ്ദുൾ ഗഫൂർ | 01-06-2016 മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ.

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീമതി. എം.സൗമ്യ | 01-04-2016 മുതൽ 31-03-2017 വരെ |
| അസി എൻജിനീയർ | ശ്രീ.ഫ്രാൻസിസ്.എ.ഫെർണാണ്ടസ് | 01-04-2016 മുതൽ 31-03-2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. രജനി | 01-04-2016 മുതൽ 02-02-2017 വരെ |
| | ശ്രീമതി. അന്ന | 03-02-2017 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. റഷീന.ടി.പി | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. അബ്ദുൾ റസാഖ് | 01-04-2016 മുതൽ 31-03-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. സജി തോമസ് തോപ്പിൽ | 01-04-2016 മുതൽ 31-03-2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. ഹരീന്ദ്രനാഥൻ പിള്ള | 01-04-2016 മുതൽ 31-03-2017 വരെ |
| വി.ഇ.ഒ | ശ്രീ. അരുൺ.ജി | 01-04-2016 മുതൽ 31-07-2016 വരെ |
| | ശ്രീ. മനോജ്.കെ | 01-08-2016 മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. വിമല.കെ | 01-04-2016 മുതൽ 31-05-2016 വരെ |
| | ശ്രീമതി. മൈമൂന | 01-06-2016 മുതൽ 31-03-2017 വരെ |

## ഉള്ളടക്കം.


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | ഡി & ഒ ലൈസൻസ് - അപാകതകൾ | 2-1 | |
| 13 | നായ /പട്ടി , പന്നി എന്നിവയെ വളർത്തുന്നതിനുള്ള ലൈസൻസ് - അപേക്ഷകൾ തീർപ്പാക്കിയില്ല. | 2-2 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 14 | പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 3-1 | |
| 15 | ഡെപ്പോസിറ്റ് വർക്കുകൾ --പൂർത്തീകരണ വിവരമില്ല | 3-2 | |
| 16 | മഴക്കാല പൂർവ്വരോഗ പ്രതിരോധ പ്രവർത്തനങ്ങൾ-- തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല. | 3-3 | |
| 17 | അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം-ഗുണമേൻമ പരിശോധന നടക്കുന്നില്ല. | 3-4 | |
| 18 | മരുന്നു ലഭ്യമായില്ല--ചെലവു തുക തടസ്സം ചെയ്യുന്നു. | 3-5 | |
| 19 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല | 3-6 | |
| 20 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി--നിർവ്വഹണത്തിലെ അപാകതകൾ | 3-7 | |
| 21 | ആശ്രയ പദ്ധതി | 3-8 | |
| 22 | ബിൽ തുക തെറ്റായി മൂല്ല്യനിർണ്ണയ തുകയിൽ അംഗീകരിച്ചത് | 3-9 | |
| 23 | കാർഷിക പ്രവർത്തനങ്ങൾ -തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയില്ല | 3-10 | |
| 24 | പ്രവർത്തി ഇനം തെറ്റായി അനുവദിച്ചത് | 3-11 | |
| 25 | ഡ്രൈനേജ് ബെഡ് കോൺക്രീറ്റ് അധികരിച്ച അളവിൽ അനുവദിച്ചത് | 3-12 | |
| 26 | ഫില്ലിംഗ് അനുവദിച്ച പ്രതലത്തിൽ സബ് ഗ്രേഡ് ഫോർമേഷൻ അനുവദിച്ചത് | 3-13 | |
| 27 | പച്ചക്കറി കൃഷി പ്രോൽസാഹനം പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 3-14 | |
| 28 | ഓട്ടോറിക്ഷാ വാങ്ങുന്നതിന് ധനസഹായം പദ്ധതി - അപാകതകൾ | 3-15 | |

| | | | |
|---|---|---|---|
| 29 | സമഗ്ര വാഴകൃഷി വികസനം പദ്ധതി - അപാകതകൾ | 3-16 | |
| 30 | സമഗ്ര തെങ്ങുകൃഷി വികസനംപദ്ധതി-അപാകതകൾ | 3-17 | |
| 31 | എസ് ടി കോർപ്പസ് ഫണ്ട് തുക വിനിയോഗിച്ചില്ല. | 3-18 | |
| 32 | ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 3-19 | |
| 33 | അടുക്കളത്തോട്ട വികസനം പദ്ധതി - അപാകതകൾ | 3-20 | |
| 34 | മരുന്നുകൾ ലഭ്യമായില്ല | 3-21 | |
| 35 | പരിരക്ഷ – പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-22 | |
| 36 | എസ്.ടി കോളനികളിൽ മെഡിക്കൽ ക്യാമ്പ് - ക്രമ വിരുദ്ധമായി 5543/- രൂപ ചെലവഴിച്ചു | 3-23 | |
| 37 | ഒരേ ദിവസം വാഹന വാടക രണ്ടിനത്തിൽ അനുവദിച്ചതുവഴി 1400/- രൂപയുടെ അധികച്ചെലവ് | 3-24 | |
| 38 | സാക്ഷരത തുല്യത പരിപാടി - പരീക്ഷ എഴുതിയവരുടെ പട്ടിക ഹാജരാക്കിയില്ല | 3-25 | |
| 39 | സമഗ്ര വിദ്യാഭ്യാസ പദ്ധതി - സർക്കാർ മാർഗനിർദേശം പാലിച്ചില്ല. | 3-26 | |
| 40 | ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-27 | |
| 41 | പദ്ധതി പൂർണ്ണമായും ഉപകാരപ്രദമായില്ല | 3-28 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 42 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 43 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 45 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 46 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 47 | ഓഡിറ്റ് റിക്കവറി | 4-6 | |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 25.03.2017 തിയ്യതിയിലെ 1/1(2)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 24.06.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നം/തീയ്യതി |
|---|---|---|
| 2016-17 | 24.07.2017 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു. |

വാർഷിക കണക്ക് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1)കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 58 പ്രകാരമുള്ള നടപടികൾ പൂർണ്ണമല്ല.

2)ധനകാര്യവർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

3)ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ സ്ഥാവര ജംഗമ ആസ്തികളും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

4)വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ ,കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5)ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ബഡ്ജറ്റ് ഫംഗ്ഷൻ -ഫംഗ്ഷനറി അടിസ്ഥാനത്തിൽ സാംഖ്യാ വാർഷിക കണക്കുമായി താരതമ്യം ചെയ്യാവുന്ന വിധത്തിലല്ല.

6)ഗ്രാമപഞ്ചായത്തിന് പിരിഞ്ഞുകിട്ടാനുള്ള സംശയാസ്പതമായ തുകക്ക് പ്രോവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

7)തൊഴിൽ നികുതി- (വ്യാപാരികൾ ) ഇനത്തിൽ ഡിമാന്റ്,കളക്ഷൻ തുകകൾ വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും തമ്മിൽ പൊരുത്തമില്ല.

8)ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല. തൻമൂലം മുഴുവൻ വാർഷികകണക്കിൽ രേഖപ്പെടുത്തിയ (ഷെഡ്യൂൾ B7) കണക്കുകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11779255 |
| വരവ് | 47460023 |
| ആകെ | 59239278 |
| ചെലവ് | 42654083 |
| നീക്കിയിരിപ്പ് | 16585195 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ കാലഹരണപ്പെട്ട തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15630495 | 15630495 | 13736712 | 1893783 | 88 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3504504 | 3504504 | 1645000 | 1859504 | 47 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1582233 | 1582233 | 492874 | 1089359 | 31 |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 9316041 | 9316041 | 4124561 | 5191480 | 44 |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 4099719 | 4099719 | 2973025 | 1126694 | 73 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8765271 | 8765271 | 4379582 | 4385689 | 50 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 4590473 | 4590473 | 720510 | 3869963 | 16 |
| എൻ.ആർ. ഇ.ജി.എസ്. | 2059 | 22700804 | 22702863 | 22697499 | 5364 | 99.98 |
| ബി ഫണ്ട് | 0 | 32301165 | 32301165 | 32301165 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 154 | 66075502 | 91 | 31154885 | 2 | 63 | 59.7 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 49 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | (2015-16) | | | (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2355220 | 4605905 | 2250685 | 96(+) |
| നികുതിയേതര വരവുകൾ | 1229989 | 221805 | 1008184 | 82(-) |
| മറ്റുവരവുകൾ | 6737390 | 399174 | 6338216 | 94(-) |
| ആകെ | 10322599 | 5226884 | 5095715 | 49(-) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 305280 | 175 |
| കർഷകതൊഴിലാളി പെൻഷൻ | 6592660 | 650 |
| വിധവാപെൻഷൻ | 11581510 | 1000 |
| വാർദ്ധക്യകാലപെൻഷൻ | 9769390 | 990 |
| വികലാംഗപെൻഷൻ | 3530525 | 345 |
| വിവാഹ ധന സഹായം | 390000 | 13 |
| 50വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 126800 | 11 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.07.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10505/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പ്രത്യേക പരാമർശമില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.06.2017 | 01.04.2017 മുതൽ 30.04.2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.01.2011 മുതൽ 14.01.2011 വരെ | 2005-06 മുതൽ 2009-10വരെ | 14.02.2011 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് - അപാകതകൾ

മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ഡി & ഒ ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ലൈസൻസ് ചട്ടങ്ങൾ പാലിക്കുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ, ചട്ടം12 3(ഡി)പ്രകാരം അഞ്ച് കുതിര ശക്തിയിൽ കവിയുന്ന യന്ത്രമുപയോഗിച്ച് കൊണ്ടും പരിസരമലിനീകരണം ഉണ്ടാക്കുന്നതുമായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ ഇതര സ്ഥാപനങ്ങളുടെ പ്രത്യേക അനുമതി പത്രം ലഭ്യമാക്കേണ്ടതുണ്ട് . എന്നാൽ ആയത് പാലിക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.കാരണം വ്യക്തമാക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | ജേക്കബ് കെമാത്യു, കുരിശുംമൂട്ടിൽ ,മൂപ്പിനി<br>മെഡിക്കൽ ഷോപ്പ് (കുരിശുംമൂട്ടിൽമെഡിക്കൽസ് ) | ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്നുമുള്ള മരുന്നു വില്പനക്കും സ്റ്റോക്ക് ചെയ്യുന്നതിനുമുള്ള അനുമതി പത്രം പ്രകാരം 31.12.16 വരെയാണ് പ്രവർത്തനാനുമതിയുള്ളത്.എന്നാൽ ഗ്രാമപഞ്ചായത്ത് വർഷം മുഴുവൻ പ്രവർത്തിക്കുവൻ അനുമതി നൽകി. |
| 2 | സന്തോഷ് മാന്താനത്തു പുതുപ്പറമ്പിൽ ,നമ്പൂരിപ്പോട്ടി<br>ഫർണ്ണീച്ചർ നിർമ്മാണം<br>(20 HPമോട്ടോർ) | ഫോറസ്റ്റ്&വൈൽഡ് ലൈഫ് വകുപ്പിൽ നിന്നും ലഭിച്ച ലൈസൻസ്ഇല്ല. എന്നാൽ<br>ഗ്രാമപഞ്ചായത്ത് വർഷം മുഴുവൻ പ്രവർത്തനാനുമതി നൽകി |
| 3 | സെമിൽ ഷൈജു, പെരുമ്പ്ര കിഴക്കേതിൽ ,മൂത്തേടം പി ഒ<br>മെഡികെയർ ലാബ് | പരാമെഡിക്കൽ രജിസ്ട്രേഷൻ, സാനിറ്റേഷൻ സർട്ടിഫിക്കറ്റ്, യോഗ്യതാ സാക്ഷ്യപത്രം എന്നിവയി ല്ല.ഗ്രാമപഞ്ചായത്ത് വർഷം മുഴുവൻ പ്രവർത്തനാനുമതി നൽകി |

ലൈസൻസ് ചട്ടങ്ങൾ പാലിച്ച് കൊണ്ട് ഡി & ഒ ലൈസൻസ് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2)സ്ഥാപനങ്ങളുടെ പട്ടിക സൂക്ഷിക്കുന്നില്ല

മൂത്തേടം ഗ്രാമപഞ്ചായത്തിൽ ഡി & ഒ ലൈസൻസ് ബാധകമായ സ്ഥാപനങ്ങളുടെ പട്ടിക (പൂട്ടിപ്പോയതും പുതിയതായി ആരംഭിച്ചതും ഉൾപ്പെടെ ) സൂക്ഷിക്കുന്നില്ല.അപാകത പരിഹരിക്കേണ്ടതാണ്.

3)2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങൾ ,ചട്ടം 3(1)പ്രകാരം ,100 എണ്ണത്തിൽ കൂടുതൽ കോഴികളുള്ള കോഴിഫാമിന് ,1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232-ാം വകുപ്പ് പ്രകാരം ഡി& ഒ ലൈസൻസ് ആവശ്യമുണ്ട് .

2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങൾ ,ചട്ടം 10(1)പ്രകാരം സെക്രട്ടറിയോ ,സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സ്ഥലത്ത് പരിശോധന നടത്തി കോഴികളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതാണ്. ഇപ്രകാരമുള്ള 100 എണ്ണത്തിൽ കൂടുതലുള്ള കോഴികൾക്ക് ചട്ടം 4(1) പ്രകാരമുള്ള ക്ലാസ് തരം തിരിവിന്റെ അടിസ്ഥാനത്തിൽ ചട്ടം 7(2) ൽ നിശ്ചയിച്ച പ്രകാരം ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

നിലവിൽ 2015-16,2016-17 വർഷങ്ങളിൽ മൂത്തേടം ഗ്രാമപഞ്ചായത്തിൽ പത്തിലധികം കോഴിഫാമുകൾക്ക് നമ്പറിംഗ് നടത്തിയിട്ടുണ്ടെങ്കിലും മൂന്നെണ്ണത്തിന് മാത്രമാണ് ലൈസൻസ് നൽകിയിട്ടൊള്ളു.കാരണം വ്യക്തമാക്കേണ്ടതാണ്.

## 2-2 നായ /പട്ടി , പന്നി എന്നിവയെ വളർത്തുന്നതിനുള്ള ലൈസൻസ് - അപേക്ഷകൾ തീർപ്പാക്കിയില്ല.

മൂത്തേടം ഗ്രാമ പഞ്ചായത്തിൽ 30-08-2016 ലെ ബി- 2/3490/16 നമ്പർ നോട്ടീസ് പ്രകാരം നാളിതുവരെ പഞ്ചായത്തിൽ നിന്നും ലൈസൻസ് നേടാതെ അനധികൃതമായി നായ/ പട്ടി , പന്നി എന്നിവയെ വളർത്തുന്നവർ 15 ദിവസത്തിനകം ആവശ്യമായ രേഖകൾ ഹാജരാക്കി ലൈസൻസ് നേടേണ്ടതാണെന്നും പഞ്ചായത്തിൽ നിന്നും ലൈസൻസ് നേടാതെ നായ/ പട്ടി എന്നിവയെ വളർത്തുന്നവർക്കെതിരെ 1998 ലെ കേരള പഞ്ചായത്ത് രാജ് ( നായകൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരം കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതുമാണെന്നും അറിയിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പരിശോധിച്ചതിൽ ലൈസൻസിനായി ലഭിച്ച 97 അപേക്ഷകളിൽ താഴെ പറയുന്ന 5 അപേക്ഷകരിൽ നിന്ന് ഫീസ് ഈടാക്കി ലൈസൻസ് നൽകിയതായോ അപേക്ഷ തീർപ്പാക്കിയതായോ കാണുന്നില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | അപേക്ഷ നം /തിയതി |
|---|---|---|
| 1 | ജോസഫ്.കെ.സി | 1456/16 - 02-04-2016 |
| 2 | സാബു തോമസ് | 1475/16 - 04-04-2016 |
| 3 | ജോസഫ് കൊച്ചുവലയിൽ വീട് | 1488/16 - 05-04-2016 |
| 4 | വാസു.ഒ.ടി | 1496/16 - 05-04-2016 |
| 5 | വിനോദ് .വി.വി | 149/16 - 05-04-2016 |

അപേക്ഷകൾ തീർപ്പാക്കാത്തതിനും ആവശ്യമായ രേഖകൾ ഹാജരാക്കി പഞ്ചായത്തിൽ നിന്നും ലൈസൻസ് നേടാതെ അനധികൃതമായി നായ/ പട്ടി എന്നിവയെ വളർത്തുന്നവർക്കെതിരെ ചട്ടങ്ങൾ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കാത്തതിനും വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

ശ്രീമതി എം.രമണി സെക്രട്ടറിയുടെ 12/2011 മുതൽ 5/16 വരെയുള്ള ശമ്പള വർദ്ധനവ് 56225 രൂപ വൗച്ചർ നം.21600252/11.07.16 പ്രകാരം അനുവദിച്ചതായി കാണുന്നു. എന്നാൽ പരിഷ്കരിച്ച അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| കാലയളവ് | പുതുക്കിയ അടിസ്ഥാന ശമ്പളം ( Due) | കൈപ്പറ്റിയത് (Drawn) | വ്യത്യാസം |
|---|---|---|---|
| 12/11 മുതൽ 5/16 വരെ | 1421126 | 1386565 | 34561 |

ശമ്പള വ്യത്യാസത്തിന്റെ 15% (5184 രൂപ ) പെൻഷൻ കോൺട്രിബ്യൂഷൻ ബന്ധപ്പെട്ട ഹെഡ്ഡിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 ഡെപ്പോസിറ്റ് വർക്കുകൾ --പൂർത്തീകരണ വിവരമില്ല

2016-17 വർഷത്തിൽ വിവിധ പ്രവർത്തികൾക്കായി താഴെപ്പറയും പ്രകാരം തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| പ്രവൃത്തി | വൌച്ചർ നം. തീയതി/തുക | സ്ഥാപനം |
|---|---|---|
| പ്രൊജക്ട് നം.80/17<br>തെരുവു വിളക്കുകൾക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ | 21600904/28.03.17---128800 | KSEB,കരുളായ് |
| | 21600905/28.03.17--1033600 | KSEB,മൂത്തേടം |
| പ്രൊജക്ട് നം.151/17<br>സമ്പൂർണ്ണ വൈദ്യുതീകരണം | 21600743/22.02.17--600000 | KSEB,മൂത്തേടം |
| | 21600764/28.02.17---75000 | KSEB,കരുളായ് |
| ആകെ | 1837400 | |

മേൽപ്പറഞ്ഞ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-3 മഴക്കാല പൂർവ്വരോഗ പ്രതിരോധ പ്രവർത്തനങ്ങൾ--തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല.

വൌച്ചർ നം.21600203/04.6.16---75000

വൌച്ചർ നം.21600224/23.6.16---150000

225000

മഴക്കാല പൂർവ്വ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി ഒരു വാർഡിന് 15000 രൂപ (ശുചിത്വമിഷൻ ഗ്രാന്റ്-10000, തനത് ഫണ്ട്-5000) പ്രകാരം 15 വാർഡുകൾക്കുള്ള തുക മേൽപ്പറഞ്ഞ പ്രകാരം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ക്ക് നൽകിയിട്ടുണ്ട്. സ.ഉ.(സാധാ) നം.1724/16 തസ്വഭവ 23.5.16 പ്രകാരം ശുചിത്വമിഷൻ ഗ്രാന്റ് ലഭിക്കാൻ വൈകുമെന്നതിനാൽ ലഭിക്കുന്ന മുറക്ക് തിരികെ വകയിരുത്താമെന്ന നിബന്ധനയിൽ തനത് ഫണ്ട്/വികസനഫണ്ട് ചെലവഴിക്കാൻ അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് മേൽപ്പറഞ്ഞ പ്രകാരം മുഴുവൻ തുകയും തനതുഫണ്ടിൽ നിന്നാണ് നൽകിയത്. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നൽകിയ വിനിയോഗസാക്ഷ്യപത്ര പ്രകാരം 114620 രൂപ മാത്രമേ വിനിയോഗിച്ചതായി

കാണുന്നുള്ളൂ. ബാലൻസ് തുക തിരിച്ചടവാക്കാൻ എ1/3217/16 തീ. 26.08.16 കത്ത് പ്രകാരം സെക്രട്ടറി ആവശ്യപ്പെട്ടതായി കാണുന്നുണ്ട്. ഓഡിറ്റ് തീയതി വരെ തുക തിരിച്ചടക്കുകയോ തുക വിനിയോഗിക്കുകയോ ചെയ്തതായി കാണുന്നില്ല. ബാലൻസ് തുക 110380രൂപ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി, പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ശുചിത്വമിഷൻ ഗ്രാന്റ് പിന്നീട് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിച്ചതിന്റെ രേഖകൾ കൂടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-4 അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം-ഗുണമേൻമ പരിശോധന നടക്കുന്നില്ല.

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (2-11-12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser,Ministry of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan, Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുംബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2016-17 വർഷത്തിൽ 6 മാസം മുതൽ 3 വയസ്സു വരെയുള്ള കുട്ടികൾക്ക് നൽകുന്ന ന്യൂട്രിമിക്സ്, വാങ്ങുന്നതിനായി 728559രൂപ ചെലവഴിച്ചിട്ടുണ്ട്. 2016-17 ന് മുമ്പോ, ശേഷമോ ലാബ് പരിശോധനക്കുള്ള നടപടി സ്വീകരിച്ചതായി കാണുന്നില്ല. കീർത്തി ന്യൂട്രിമിക്സ് യൂണിറ്റ്, കൈപ്പിനി, ചുങ്കത്തറ എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നുമാണ് ഗുണമേൻമ പരിശോധിക്കാതെ ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. മാർഗ്ഗ നിർദ്ദേശം പാലിച്ച് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 മരുന്നു ലഭ്യമായില്ല--ചെലവു തുക തടസ്സം ചെയ്യുന്നു.

പ്രൊജക്റ്റ് നം.5/17(ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നു വാങ്ങൽ)

ബിൽ നം.18/16-17/28.02.17---150000

(വൗച്ചർ നം.21600765/28.02.17)

നിർവ്വഹണം--സെക്രട്ടറി

പ്രൊജക്റ്റ് പ്രകാരം,150000 രൂപക്കുള്ള ഇൻവോയ്സ് ലഭ്യമായതിൻ പ്രകാരം,കേരള ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (ആലപ്പുഴ) പ്രകാരം തുക അടവാക്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ മരുന്നുകൾ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി, സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. ചെലവു തുക 150000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-6 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

2016-17 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലേക്ക് വിവിധ ആവശ്യങ്ങൾക്കായി,തുക നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| വൌച്ചർ നം./തീയതി | തുക | സ്ഥാപനം |
|---|---|---|

| | | |
|---|---|---|
| 21600720/10.02.17 | 100000 | ABC പ്രോഗ്രാം-ജില്ലാ പഞ്ചായത്ത് പ്രൊജക്ട് വിഹിതം |
| 21600816/09.03.17 | 300000 | സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം. |
| ആകെ | 400000 | |

ഈ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-- നിർവ്വഹണത്തിലെ അപാകതകൾ

സാധനഘടകം വരുന്ന പ്രവൃത്തികൾ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1—മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് PWD കോൺട്രാക്ടർമാരെ ഏൽപ്പിച്ചു.

2016-17 ൽ പെയ്മെന്റ് നടത്തിയ 18 പ്രവൃത്തികൾക്കായി സാധനഘടകങ്ങൾ പ്രവൃത്തി സ്ഥലത്ത് എത്തിക്കുന്നതിന് PWD കോൺട്രാക്ടർമാരെ ഏൽപ്പിച്ചതായി കാണുന്നു. 19.02.16 ചെയ്ത ടെണ്ടർ പരസ്യത്തിൽ സാധനസാമഗ്രികൾ വിതരണം ചെയ്യാൻ താൽപ്പര്യമുള്ള അംഗീകൃതവിതരണ വിതരണക്കാരിൽ നിന്നും ടെണ്ടർ ക്ഷണിക്കുന്നുവെന്ന് പറയുന്നുണ്ടെങ്കിലും നിബന്ധനയായി വിതരണക്കാർക്ക് PWD സി ക്ലാസ്സ് രജിസ്ട്രേഷൻ ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തതാണ് കോൺട്രാക്ടർമാർ ടെണ്ടറിൽ പങ്കെടുക്കാൻ കാരണം എന്ന് വ്യക്തമാണ്. പ്രവൃത്തികളിൽ ഒരു ഇടനിലക്കാരന്റെ റോൾ മാത്രമാണ് കോൺട്രാക്ടർമാർക്ക് നിർവ്വഹിക്കാനുള്ളത്. വിതരണക്കാരിൽ നിന്നും കോൺട്രാക്ടർമാർ സാധനസാമഗ്രികൾ വാങ്ങി സൈറ്റിലെത്തിക്കുകയാണ് ചെയ്തിട്ടുള്ളത്. അംഗീകൃത ഡീലർമാരുമായി നേരിട്ട് ഇടപാട് നടത്തുന്നതിനുള്ള സാഹചര്യം ഇല്ലാതാക്കി. ടെണ്ടർ ക്ഷണിച്ചതിലും അംഗീകരിച്ചതിലും വന്ന ഇത്തരം വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കി പദ്ധതിയുടെ സുതാര്യത ഉറപ്പു വരുത്തേണ്ടതാണ്.

2---മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി--സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല.

ജി.ഒ.(എം.എസ്) 202/15/ തസ്വഭവ/24.06.15-പ്രകാരം തൊഴിലുറപ്പ് പദ്ധതിയിൽ ഓരോ ഗ്രാമപഞ്ചായത്തിലും, വേതനം, സാധനഘടകങ്ങൾ എന്നിവ 60:40 എന്ന അനുപാതത്തിൽ നിൽക്കത്തക്ക രീതിയിൽ സാധനഘടകം ആവശ്യമുള്ള മറ്റു പ്രവൃത്തികളുടെ കൂടെ റോഡ് പണികളും ഏറ്റെടുക്കുവാൻ ത്രിതല പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷത്തിൽ നിർവ്വഹണം നടത്തി, 2016-17 വർഷത്തിൽ, പെയ്മെന്റ് നടത്തിയ 18 റോഡ് പ്രവൃത്തികളിൽ ഈ അനുപാതം പാലിച്ചു കാണുന്നില്ല. നാമമാത്രമായ വേതനവും, ഭൂരിഭാഗവും, സാധനഘടകങ്ങളുമാണ് പ്രവൃത്തികളിൽ വരുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ചെലവ് | ശതമാനം |
|---|---|---|
| 1-ാം വാർഡ്--താളിപ്പാടം-മേൽക്കൊരവ റോഡ് കോൺക്രീറ്റ് | സാധനഘടകങ്ങൾ-- 317609.96<br>വേതനം--44884<br>ആകെ--362493.96 | സാധഘടകങ്ങൾ--87%<br>വേതനം--13% |
| 4-ാം വാർഡ്-ചീനിക്കുന്ന്-ബാലംകുളം റോഡ് കോൺക്രീറ്റ് | സാധനഘടകങ്ങൾ-- 432636.76 | സാധഘടകങ്ങൾ--88%<br>വേതനം--12% |

| | | |
|---|---|---|
| | വേതനം--57479<br>ആകെ---490115.76 | |
| 3-ാം വാർഡ്--പെരുപ്പാറ മദ്രസ്സപ്പടി റോഡ് കോൺക്രീറ്റ് | സാധനഘടകങ്ങൾ--431891.76<br>വേതനം--59101<br>ആകെ---490992.76 | സാധഘടകങ്ങൾ--88%<br>വേതനം--12% |
| 8-ാം വാർഡ്-നാരങ്ങാപ്പൊട്ടി-മൂസ്സാക്കപ്പടി റോഡ് നവീകരണം | സാധനഘടകങ്ങൾ--431836.76<br>വേതനം--59670<br>ആകെ---491506.76 | സാധഘടകങ്ങൾ--88%<br>വേതനം--12% |
| 5-ാം വാർഡ്-ചണ്ണപ്പള്ളി-താഴെ ചെമ്മന്തിട്ട റോഡ് കോൺക്രീറ്റ് | സാധനഘടകങ്ങൾ--431881.76<br>വേതനം--43510<br>ആകെ---475391.76 | സാധഘടകങ്ങൾ--91%<br>വേതനം--9% |

സർക്കാർ മാർഗ്ഗനിർദ്ദേശം കർശനമായി പാലിച്ച് പദ്ധതി നടപ്പിലാക്കേണ്ടതും,ഗുണഭോക്താക്കൾക്ക് പരമാവധി തൊഴിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-8 ആശ്രയ പദ്ധതി

ഒന്നാം ഘട്ടത്തിൽ 98 ഗുണഭോക്താക്കൾക്കായി 2006-07-ൽ തുടങ്ങിയ ആശ്രയ പദ്ധതി മുഴുവൻ അടിസ്ഥാന, അതിജീവനാവശ്യങ്ങൾ നിറവേറ്റപ്പെടാതെ അവസാനിച്ചതായി കാണുന്നു. പദ്ധതിക്കായി, ആകെ 4405374 രൂപ ലഭിച്ചിരുന്നു. 2010-11-ൽ പുനപ്പരിശോധനക്കു ശേഷമുള്ള പ്രൊജക്ടും നടപ്പിലാക്കുകയുണ്ടായി. എന്നാൽ പ്രൊജക്ടിൽ വിഭാവനം ചെയ്ത പോലെ മുഴുവൻ കാര്യങ്ങൾക്കും തുക ചെലവഴിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യങ്ങൾ മുഴുവൻ പൂർത്തീകരിച്ചതായും കാണുന്നില്ല. ഇക്കാര്യം മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. ലഭ്യമായ തുകയിൽ 30.04.17 ന് 754699 (പഞ്ചായത്ത് ഫണ്ട്-298048, ചലഞ്ച് ഫണ്ട്-143367 പലിശ-313284) രൂപ അവശേഷിക്കുന്നുണ്ട്. ഈ തുക ചെലവഴിക്കുന്നതിനായി തുടർസേവന പ്രൊജക്ട് രൂപീകരിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി വരെ നടപ്പിലാക്കിയിട്ടില്ല. പദ്ധതിയുടെ രണ്ടാം ഘട്ടമാണിപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. ഇതിന് പ്രത്യേക ഫണ്ടും ബാങ്ക് അക്കൗണ്ടും നിലവിലുണ്ട്. ഓഡിറ്റ് വർഷം ഭക്ഷണത്തിനായി 358200 രൂപയും വിദ്യാഭ്യാസത്തിനായി 14951 രൂപയും ചെലവുണ്ട്. നിഷ്ക്രിയമായി തുടരുന്ന ഒന്നാം ഘട്ടത്തിലെ ബാക്കി തുക തുടർസേവന പ്രൊജക്ടിനായി പ്രയോജനപ്പെടുത്തുകയോ, തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 3-9 ബിൽ തുക തെറ്റായി മൂല്യനിർണ്ണയ തുകയിൽ അംഗീകരിച്ചത്

| | |
|---|---|
| പ്രവൃത്തി | ഉച്ചകുളം കോളനി പുരോഗമനം |
| എഗ്രിമെന്റ് | 25/22-2-16 |
| കൺവീനർ | വിനയകുമാർ |

| | |
|---|---|
| എം- ബുക്ക് | 29/15-16 |
| വൗച്ചർ | 2/27-11-16 |
| മൂല്യ നിർണ്ണയ തുക | 441214 |

മേൽ പ്രവൃത്തിയുടെ 15 ഇനം അളവെടുത്ത് മൂല്യം അംഗീകരിച്ചിരിക്കുന്നത് ചുവടെചേർത്തിരിക്കുന്നപ്രകാരമാണ്

| | | |
|---|---|---|
| എം. എസ്ഗ്രിൽ സ്ഥാപിക്കൽ | 748 kg@129.09 =96559.32 | കാരപ്പുറം ലൈഫ് ലൈൻ ഇൻഡസ്ട്രീസിന്റെ 103/27-3-16 നമ്പർ ബിൽ പ്രകാരമുള്ള 748 kg അംഗീകരിച്ച് നൽകി |

1. 5000 രൂപയിൽ അധികരിച്ച തുക ബില്ലിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാനാവില്ല..

2. ബിൽ പ്രകാരം 748 kg ക്ക് 125 രൂപ നിരക്കിൽ 93500 രൂപമാത്രമാണ് ചെലവ് വന്നിരിക്കുന്നത് എന്നാൽ 96559.32 രൂപയാണ് അംഗീകരിച്ച് നൽകിയിട്ടുള്ളത്

3. ഇത്രയും വലിയ തുകക്കുള്ള മൂല്യം ബിൽ പ്രകാരം അംഗീകരിച്ച് നൽകിയത് ക്രമത്തില്ല.

അപാകതക്ക് വിശദീകരണം ആവശ്യപെട്ടതിൽ സമയകുറവ് മൂലം ബില്ലിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചതാണെന്നും , കൺവീനർ പ്രവർത്തിക്ക് 75% സർവ്വീസ് ചാർജ് അടക്കമുള്ള തുക എസ്റ്റിമേറ്റിലുള്ളത് അംഗീകരിച്ചതിൽ പിശകില്ല എന്നും അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കത്തക്കതല്ല 3059 രൂപ ( 96559-93500) നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നു.

## 3-10 കാർഷിക പ്രവർത്തനങ്ങൾ -തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയില്ല

ജി.ഒ(എം.എസ്)4/2016 തസ്വഭവ 11.01.16—പദ്ധതി മാർഗ്ഗരേഖ പ്രകാരം,മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാധ്യതകളും പരിഗണിച്ചു കൊണ്ടായിരിക്കണം,കാർഷികമേഖലയുടെ സമഗ്രപരിപാടികൾക്ക് രൂപം നൽകേണ്ടത്,എന്ന് നിഷ്കർഷിക്കുന്നുണ്ട്.നടീൽ,കൊയ്ത്ത്,വിളവെടുപ്പ് തുടങ്ങിയവ ഒഴികെയുള്ള പ്രവർത്തനങ്ങൾക്കെല്ലാം തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ഇതേ നമ്പർ സബ്സിഡി മാർഗ്ഗരേഖയിലും പറയുന്നുണ്ട്.എന്നാൽ പഞ്ചായത്തിൽ 2016-17 വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രൊജക്ടുകളിലൊന്നും,ഈ മാർഗ്ഗനിർദ്ദേശം പാലിച്ചതായി കാണുന്നില്ല. ഉദാഹരണമായി സമഗ്ര നെൽകൃഷി വികസനം,പച്ചക്കറി വികസനം എന്നിങ്ങനെ 2 പ്രോജക്ടുകൾ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയതിൽ,കാർഷിക പ്രവർത്തനങ്ങൾക്ക് കൂലിച്ചെലവായി,യഥാക്രമം21,600 രൂപ,2,90,000 രൂപ എന്നിങ്ങനെ ഗ്രാമ പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ഇതിനു പുറമേ ഗുണഭോക്താക്കൾ നേരിട്ടു ചെലവഴിക്കുന്ന തുകയും വരുന്നുണ്ട്. മേൽപ്പറഞ്ഞ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചിരുന്നെങ്കിൽ,കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും,കർഷകരുടെ ചെലവ് പരമാവധി കുറക്കുന്നതിനും സാധിക്കുമായിരുന്നു.ഭാവിയിൽ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 3-11 പ്രവൃത്തി ഇനം തെറ്റായി അനുവദിച്ചത്

| | |
|---|---|
| പ്രവൃത്തി | നെല്ലിപൊയിൽഅംഗനവാടി പനംപാട്ടുകുന്ന് റോഡ് |
| എഗ്രിമെന്റ് | 17/5-1-17 |
| കൺവീനർ | ജൂബിലി പൊന്നച്ചൻ |
| എം- ബുക്ക് | 25/2016-17 |

| | |
|---|---|
| ബിൽ | 24/31-3-17 |
| മൂല്ല്യ നിർണ്ണയ തുക | 373901 രൂപ |

മൊത്തം 373901 രൂപക്ക്മൂല്ല്യ നിർണ്ണയവും അത്രയും രൂപ ചെലവഴിക്കുകയും ചെയ്ത മേൽ പ്രവൃത്തിയിൽ 105.5 m മണ്ണ് സംരക്ഷണ പ്രവർത്തി ചെയ്യുന്നതിനും 386.5mറോഡ് 3m. 0.15 കനത്തിൽ കോറിമക്ക് വിരിക്കുന്നതിനുമാണ് സാങ്കേതിക അനുമതി നൽകിയിട്ടുള്ളത് .എന്നാൽ പുതുക്കിയ സാങ്കേതിക അനുമതി നൽകിയതും മൂല്ല്യനിർണ്ണയം നടത്തിയതും ചുവടെ ചേർത്തിരിക്കുന്ന പ്രകാരമാണ്

| ക്രമ നമ്പർ | ഇനം | ഇന വിവരം | അടങ്കൽ പ്രകാരം | അംഗീകരിച്ച അളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 2.6.1 | തറക്കായി മൺ പണി | 21.57m3 | 20.31m3 | 94.31m നീളത്തിൽ മണ്ണ് സംരക്ഷണത്തിനായി സൈഡ് കെട്ടി |
| 2 | 60.7.1 | ഡ്രൈ റബിൾ മേസിനറി | 79.71m3 | 83.42m3 | |
| 3 | 60.7.1 | ഡ്രൈ റബിൾ മേസിനറിക്ക് മുകളിൽ ബെൽറ്റ് | 3.957m3 | 3.54m3 | |
| 4 | 4.1.3 | കരിങ്കൽകെട്ടിന് മുകളിൽ ബെൽറ്റ് | 3.54m3 | 3.54m3 | |
| 5 | 2.25 | ലഭ്യമായ മണ്ണുപയോഗിച്ച് ഫില്ലിംഗ് | 21.15m3 | 20.31m3 | |
| 6 | 5.9.1 | സെന്ററിംഗ് & ഷട്ടറിംഗ് | 15.825m2 | 14.15m2 | |
| 7 | Observed data | കോറിമക്ക് ഉപയോഗിച്ച് ഫില്ലിംഗ് | 173.79m3 | 112.90m3 | 235.20 m,നീളത്തിൽ 3.20 വീതിയിൽ 0.15 കനത്തിൽ പ്രവർത്തി നടത്തി |
| 8 | Observed data | കൺവീനറുടെ സ്വന്തം മണ്ണുപയോഗിച്ച് ഫില്ലിംഗ് | Extra item | 384.28 | 47.4m , നീളത്തിൽ3.50mവീതിയിൽ 0.5 കനത്തിൽഫില്ലിംഗ് നടത്തി ലഭ്യമായ മണ്ണിന്റെ |

| | | | | | |
|---|---|---|---|---|---|
| | | | | | അളവ് കുറവ് ചെയ്തു. |
| 9 | 2.1.1 | 30cmകനത്തിലധികരിക്കാതെ ഉപരിതലത്തിൽ മൺപണി | Extra item | 374.40m2 | 47m , നീളത്തിൽ3.20mവീതിയിൽ ചെയ്തു |

പ്രവൃത്തിയുടെ ബിൽ , പുതുക്കിയ സാങ്കേതിക അനുമതി എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1.പുതുക്കിയ സാങ്കേതിക അനുമതി നൽകിയത് (എക്സ്ട്രാ ഇനം 2 ) 3.5.1 excavation in cutting in soil by manual means with lead up to 50 m for road way in soil using manual means for carrying of cut earth to embankment site with a lift up to 50m as per technical specification clause 302.3 ആണ് ആയതിന് 64.22/m3 നിരക്കാണ് അംഗീകരിച്ചിരിക്കുന്നത് എന്നാൽ പ്രവർത്തി മൂല്യ്യ നിർണ്ണയനം നടത്തിയപ്പോൾ Earth work in surface excavation not exeeding in depth in all kinds of soil (DAR 2.1.1)ആണ്.

2.പ്രവൃത്തിയിൽ റോഡ് ഉപരിതലം മെറ്റലിംഗോ, കോൺക്രീറ്റിംങ്ങോ നടത്താത്തതിനാൽ മൂല്യ്യ നിർണ്ണയത്തിലനുവദിച്ച ഇനം( സാങ്കേതിക അനുമതി പ്രകാരം അനുമതിയില്ലാത്തത്) പ്രയോജനപെടുന്നില്ല . (ഈ പ്രവൃത്തിക്ക് 374.40m2 ന്@ 64.22/m3 24044 രൂപ അനുവദിച്ചിട്ടുണ്ട്) ഓഡിറ്റ് എൻക്വയറി 1 മുഖേന ഈ വിഷയത്തിൽ നിർവഹണ ഉദ്യോഗസ്ഥൻ വിശദീകരണം നൽകാൻആവശ്യപ്പെട്ടതിൽ ഇനം നമ്പർ തെറ്റായി സാങ്കേതിക അനുമതിയിൽ സംഭവിച്ചതാണെന്നും നിലവിൽ കരിങ്കൽ കെട്ടിയ ഭാഗത്തിന് മുമ്പായി റോഡിൽ അൺഡുലെഷൻ ഉള്ള ഭാഗത്ത് DAR 2.1.1 പ്രകാരമുള്ള പ്രവർത്തിയാണ് ചെയ്തിട്ടുള്ളതെന്നും അസി.എഞ്ചിനിയർ അറിയിച്ചു. സബ് ബേസ് പ്രതലം രൂപപെടുത്താത്ത ഒരു പ്രവർത്തിയിൽ ഈ ഇനം ചെയ്തുവെന്ന മറുപടി അംഗീകരിക്കാനാവില്ല 24044 രൂപ അധിക ചെലവായി കണക്കാക്കുന്നു. സാങ്കേതികാനുമതി മറികടന്ന് പ്രവൃത്തി നടപ്പാക്കി പണം അനുവദിച്ചു നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് തുക ഈടാക്കേണ്ടതാണ്.

## 3-12 ഡ്രൈനേജ് ബെഡ് കോൺക്രീറ്റ് അധികരിച്ച അളവിൽ അനുവദിച്ചത്

| | |
|---|---|
| പ്രവൃത്തി | പൂംകുളം കൈകോളനി ഡ്രൈനേജ് |
| എഗ്രിമെന്റ് | 69/18-3-17 |
| കരാറുകാരൻ | സജി ഇക്ബാൽ (എസ്റ്റിമേറ്റ് നിരക്ക്) |
| എം- ബുക്ക് | 29/16-17 |
| ബിൽ | 13/23-3-17 |
| മൂല്ല്യ നിർണ്ണയ തുക | 177368 |

മൊത്തം 177368രൂപക്ക്മൂല്ല്യ നിർണ്ണയവും അത്രയും തുക അനുവദിക്കുകയും ചെയ്തിട്ടുള്ള മേൽ പ്രവർത്തിയിൽ 44.70 mനീളത്തിൽ ഡ്രൈനേജ് നിർമ്മിക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തിയുടെ രണ്ടാം ഇനം ഡ്രൈനേജിനായുള്ള ബെഡ് കോൺക്രീറ്റ്(providing and laying in position cement concrete4.1.8) സാങ്കേതിക അനുമതിയിൽ അനുവദിച്ചതിന്റെയും മൂല്യനിർണ്ണയത്തിൽ അംഗീകരിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| സാങ്കേതിക അനുമതി പ്രകാരം | മൂല്യനിർണ്ണയത്തിലനുവദിച്ചത് | സാങ്കേതികാനുമതി പ്രകാരം അനുവദിക്കാവുന്നത് |
|---|---|---|
| 64.5x1.2x0.10 | 39.20x1.2x0.15 +<br>5.5x1.4x0.20<br>Total 8.60m3 but ltd to 8.25m3 | 39.20x1.2x0.15 +<br>5.5x1.4x0.10<br>=5.474m3 |

0.10 m കനത്തിൽ മാത്രം ബെഡ് കോൺക്രീറ്റ് അനുവദിക്കാൻ അംഗീകരിച്ച പ്രവൃത്തിയിൽ 0.15m,&0.20mകനത്തിലാണ് അംഗീകരിച്ചിട്ടുള്ളത് (സാധാരണ 0.05mകനത്തിലാണ് അനുവദിക്കാറുള്ളത് ).സാങ്കേതിക അനുമതിയിലനുവദിച്ച കനത്തിൽ അധികരിച്ച് മൂല്യനിർണ്ണയത്തിൽ അംഗീകരിച്ചതിനാൽ (8.25m3-5.474m3) @5857.74/m3)=16261 രൂപയുടെഅധിക ചെലവുണ്ടായിട്ടുണ്ട്.അധികരിച്ച കനത്തിൽ അനുവദിക്കാനുണ്ടായ കാരണം ആവശ്യപെട്ടതിൽ റോഡിന് കുറുകെ ക്രോസ് ഡ്രൈനേജാണ് ചെയ്തിട്ടുള്ളതെന്നും അതിന്റെ ഫൗണ്ടഷൻ 20cmഎങ്കിലും കനം ആവശ്യമാണെന്നും, അതുപോലെ ഡ്രൈനേജിന്റെ അടി ഭാഗം ലൂസ് മണ്ണായതിനാലാണ് 15 cmകനം അനുവദിച്ചതെന്നുമുള്ള മറുപടി അംഗീകരിച്ച സാങ്കേതിക അനുമതിയിൽ നിന്നും അധികരിച്ച് കനത്തിൽ പ്രവൃത്തി ചെയ്തതിന് മതിയായ വിശദീകരണമല്ല 16261/-രൂപ അധിക ചെലവുണ്ടായി കണക്കാക്കുന്നു.

## 3-13 ഫില്ലിംഗ് അനുവദിച്ച പ്രതലത്തിൽ സബ് ഗ്രേഡ് ഫോർമേഷൻ അനുവദിച്ചത്

ചുവടെ ചേർത്തിരിക്കുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിലെല്ലാം റോഡ് തയ്യാറാക്കുന്ന മുഴുവൻ പ്രതലത്തിലും DSR 2.1.1 പ്രകാരമുള്ള ഇനം 30 cm- 15cm ഇടയിലുള്ള താഴ്ചയിൽ കിളച്ച് ലവൽ ചെയ്ത് ഡ്രസ് ചെയ്യുന്നതിനുള്ള നിരക്ക് അനുവദിച്ചിട്ടുണ്ട്. ടി പ്രതലത്തിൽ തന്നെ ക്വോറി വേസ്റ്റ് ഉപയോഗിച്ചുള്ള ഫില്ലിംഗും ലവലിംഗും കൺസോളിഡേഷനും അനുവദിച്ചു കാണുന്നു. ഈ പ്രവൃത്തി ഇനങ്ങളിലെല്ലാം DSR 2.1.1 പ്രവർത്തി ഇനം അനുവദിച്ചത് ,ക്വോറി വേസ്റ്റ് ഫില്ലിംഗ്, അനുവദിച്ച പ്രതലത്തിലായതിനാൽ ഒരേ സമയം ലവലിംഗ്, കൺസോളിഡഷൻ എന്നിവക്കായി രണ്ട് പ്രാവശ്യം നിരക്ക് അനുവദിക്കപെടുകയാണ് ചെയ്തിട്ടുള്ളത് . DSR 2.1.1 ഈ പ്രവൃത്തികൾക്ക് അനുവദിച്ചതുവഴി വന്ന അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു..

| പ്രവൃത്തിയുടെ വിവരം | ക്വോറി വേസ്റ്റ് ഫില്ലിംഗ് അനുവദിച്ച അളവ് . | 2.1.1 ഇനം അനുവദിച്ച അളവ്, നിരക്ക് | കോൺക്രീറ്റിംഗ് ചെയ്ത അളവ് | അധിക ചെലവ് |
|---|---|---|---|---|
| ആലുങ്ങപരുതകുന്ന് പാത്ത് വേ കോൺക്രീറ്റിംഗ്<br>കൺവീനർ- ഖദീജ<br>എഗ്രി-15/30-12-16<br>ബിൽ-8/23-3-17<br>പ്രൊജക്ട്-91/17<br>എം-ബുക്ക്-3/16-17 | 47.74 m3(318.28x0.15) | 318.28m2 | 318.28m2<br>കുറിപ്പ്- ഇനം4.1.8 10cmകനത്തിലും ഇനം 4.1.3 0.75cmകനത്തിലും അനുവദിച്ചു | 318.28m2 @64.22/m2 =20440 |

| | | | | |
|---|---|---|---|---|
| കഷായപടി വരുതങ്ങാട് പാത്ത് വേ<br>കൺവീനർ-ബീന<br>എഗ്രി-6/22-12-16<br>ബിൽ-3/28-2-17<br>പ്രൊജക്ട്-101/17<br>എം-ബുക്ക്-1/16-17 | 35.87m3(239.10x0.15) | 239.10m2 | 239.10m2<br>കുറിപ്പ്- ഇനം4.1.8 10cm കനത്തിലും ഇനം 4.1.3 0.75cm കനത്തിലും അനുവദിച്ചു | 239.10m2@64.22m2 =15355 |

ആകെ 35795 രൂപ ഇത്തരത്തിൽ അധികം ചെലവ് ചെയ്തതത് നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കാതിരിക്കാൻ മതിയായ കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് റോഡുകൾ ചെരിഞ്ഞ പ്രതലത്തിലായതിനാലാണ് DSR 2.1.1 പ്രവൃത്തി ഇനം അനുവദിച്ചത് എന്ന മറുപടി അംഗീകരിക്കത്തക്കതല്ല, ചുവടെ ചേർത്തിരിക്കുന്ന കാരണങ്ങളാൽ 35795 രൂപ അധിക ചെലവായി കണക്കാക്കുന്നു.

1. ഇനം 2-1-1 പ്രകാരം ഉപരിതലത്തിലെ മൺപണി 30 സെ.മീ. അധികമ താഴ്ചയില്ലാതെയാണ് നടപ്പാക്കുന്നത്. മാത്രമല്ല ഉപരിതലം വൃത്തിയാക്കി ചെയ്യപ്പെടുന്നുണ്ട്.

2. ക്വാറി മക്ക് പ്രവൃത്തി ഇതേ ചെയിനേജിൽ 15സെ.മീ.കനത്തിൽ ലെവലിങ്ങോടെയാണ് അനുവദിച്ചിട്ടിള്ളത്. ചെരിഞ്ഞ പ്രതലമായതുകൊണ്ട് വെള്ളം ഒലിച്ചുപോയ ഭാഗങ്ങളിൽ മാത്രം ഇനം 2-1-1 അനുവദിക്കു കയാണെങ്കിൽ മറുപടി അംഗീകരിക്കാമായിരുന്നു. മറിച്ച് കോൺക്രീറ്റ് ചെയ്ത മുഴുവൻ പ്രതലങ്ങളിലും ക്വാറി മക്ക് ഉപയോഗിച്ച് ഫില്ലിംഗിന് പുറമെ ഇനം 2-1-1 ആവശ്യമായിരുന്നുവെന്ന മറുപടി അംഗീകരിക്കുന്നതല്ല.

## 3-14 <u>പച്ചക്കറി കൃഷി പ്രോൽസാഹനം പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.</u>

പ്രോജക്റ്റ് നം. 75/17

പച്ചക്കറി കൃഷി വികസനം പദ്ധതി

വിനിയോഗിച്ച തുക – 2,90,000 രൂപ

ബിൽ നം. 2/16-17/23.03.2017

നിർവ്വഹണം - കൃഷി ഓഫീസർ ,മൂത്തേടം ഗ്രാമപഞ്ചായത്ത്

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൂലി ചെലവ് സബ്സിഡി ,ജൈവ കീടനാശിനി വിതരണം എന്നിവ നൽകലാണ് വിഭാവനം ചെയ്തത്.ആകെ 98ഗുണഭോക്തക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1)സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് ) നം. 4/2016/തസ്വഭവ തി.11.01.2016 പ്രകാരം പച്ചക്കറി കൃഷിചെയ്തിട്ടുണ്ടെന്ന വിവരം കൃഷി ഓഫീസർ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.ഏതൊക്കെ പച്ചക്കറി

എത്ര അളവിൽ ചെയ്തിട്ടുണ്ടെന്ന വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2)പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൂലി ചെലവ് സബ്സിഡി, ജൈവ കീടനാശിനി വിതരണം എന്നിവ നൽകലാണ് വിഭാവനം ചെയ്തതെങ്കിലും,രേഖകൾ പരിശോധിച്ചതിൽ കൂലി ചെലവ് സബ്സിഡി മാത്രമാണ് നൽകിയിട്ടുള്ളത്.കാരണം വ്യക്തമാക്കേണ്ടതാണ്.

3)സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് ) നം. 4/2016/തസ്വഭവ തി.11.01.2016 പ്രകാരം നടീൽ വിളവെടുപ്പ് എന്നിവ ഒഴികെയുള്ള കാർഷിക പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണമെന്ന് നിഷ്കർശിച്ചിട്ടുണ്ട്. ആയത് പാലിച്ചതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.26/01.08.17)മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക (2,90,000 രൂപ )ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-15 സമഗ്ര വാഴകൃഷി വികസനം പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം.73/17

സമഗ്ര വാഴകൃഷി വികസനം പദ്ധതി

വിനിയോഗിച്ച തുക – 3,14,000 (പ്ലാൻ)

ബിൽ നം.4/16-17/23.03.2017

നിർവ്വഹണം - കൃഷി ഓഫീസർ ,മൂത്തേടം ഗ്രാമപഞ്ചായത്ത്

വാഴക്കന്ന് വിതരണം ,കുമ്മായ വിതരണം എന്നിവയാണ് പ്രോജക്റ്റിൽ വിഭാവനം ചെയ്തത്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സബ്സിഡി മാർഗ്ഗരേഖ ജി ഒ(എം എസ് )നം. 4/2016/തസ്വഭവ തീ.11.01.2016 പ്രകാരം വാഴക്കന്നിന് പരമാവധി നൽകാവുന്ന സബ്സിഡി 2500 രൂപയാണ്. ഒരു ഹെക്ടറോ അതിൽ താഴെയോ ഭൂമിയുള്ള നാമമാത്ര കർഷകർക്കാർക്കാണ് (സ്വന്തമാണെങ്കിലും പാട്ടകൃഷിയാണെങ്കിലും ) ആനുകൂല്യം നൽകേണ്ടത് . എന്നാൽ താഴെ പറയുന്ന കർഷകരുടെ കാര്യത്തിൽ ആയത് പാലിച്ചിട്ടില്ല.

| ക്രമ നം | കർഷകന്റെ പേരും വിലാസവും | കൃഷിചെയ്ത വാഴയുടെ എണ്ണം | സബ്സിഡി നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | സുരേന്ദ്രൻ മലയിൽ,<br>മൂത്തേടം (പി ഒ) | 3000 | 2000 രൂപ | |
| 2 | ഇബ്രാഹിം മനാഫ് കാട്ടുകണ്ടൻ ,മൂത്തേടം (പി ഒ) | 4000 | 2000 രൂപ | |
| 3 | ഉമ്മർ കൊളറമ്പൻ നമ്പൂരിതിരിപ്പൊട്ടി (പി ഒ) | 3600 | 4000 രൂപ | അധികം നൽകിയത്<br>1500 രൂപ |
| 4 | മാത്യൂ ചെട്ടിയാർമഠത്തിൽ<br>നമ്പൂരിതിരിപ്പൊട്ടി (പി ഒ) | 3000 | 2500 രൂപ | |

| | | | | |
|---|---|---|---|---|
| 5 | മമ്മു കൊളറമ്പൻ<br>നമ്പൂരിതിരിപ്പൊട്ടി (പി ഒ) | 2500 | 2000 രൂപ | |
| 6 | അബ്ദുൾ അസീസ് വരമ്പൻകല്ലൻ<br>നമ്പൂരിതിരിപ്പൊട്ടി (പി ഒ) | 2500 | 3500 രൂപ | അധികം നൽകിയത്<br>1000 രൂപ |
| 7 | ലത്തീഫ് മൂളൻക്കോടൻ<br>കാരപ്പുറം (പി ഒ) | 1200 | 3000 രൂപ | അധികം നൽകിയത്<br>500 രൂപ |

ഒരു ഹെക്ടറിൽ പരമാവധി 2000 വാഴമാത്രമാണ് കൃഷി ചെയ്യുവാൻ സാധിക്കുക എന്നിരിക്കെ അതിലധികം വാഴ കൃഷി ചെയ്തിട്ടുള്ള ക്രമനം. 1,2,4,5 ൽ പരാമർശിച്ചിട്ടുള്ള നാമമാത്ര കർഷകരല്ലാത്തവർക്ക് ആനുകൂല്യം നൽകിയതിനും ,വാഴക്കന്നിന് മാത്രം സബ്സിഡി കൈപ്പറ്റിയ ക്രമനം. 3,6,7, ൽ പരാമർശിച്ചിട്ടുള്ള കർഷകർക്ക് അനുവദിനീയമായ സീമയിലും (2500 രൂപ) അധികരിച്ച് തുക അനുവദിച്ചതിനും കാരണം വ്യക്തമാക്കേണ്ടതാണ്.

2)മൊത്തം 322 പേർക്ക് വാഴക്കന്നിന് സബ്സിഡി നൽകിയപ്പോൾ വെറും 29 പേർക്ക് മാത്രമാണ് കുമ്മായ വിതരണം നടത്തിയിട്ടുള്ളത്.പ്രോജക്റ്റിൽ വിഭാവനം ചെയ്ത കുമ്മായ വിതരണവും വാഴക്കന്ന് വിതരണവും തുല്യ അളവിൽ നടപ്പിലാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

3)ആനുകൂല്യ വിതരണത്തിലും കൃത്യമായമാനദണ്ഡം പാലിച്ചിട്ടില്ല. ഉദാ.1200 എണ്ണം വാഴ കൃഷി ചെയ്ത മേൽ ക്രമനം.7 ന് 3000 രൂപ നൽകിയപ്പോൾ 4000 എണ്ണം വാഴ കൃഷി ചെയ്ത ക്രമനം.2 ന് 2000 രൂപയാണ് വിതരണം ചെയ്തത് . കാരണം വ്യക്തമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.26/01.08.17)മറുപടി ലഭ്യമാക്കിയില്ല. കർഷകർക്ക് അനുവദിനീയമായ സീമയിലും (2500 രൂപ) അധികരിച്ച നൽകിയ 3000 രൂപ വീഴ്ചക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും. മറ്റു അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതുമാണ്. അതുവരെയും അവശേഷിച്ച തുക (3,11,000 രൂപ )ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-16 സമഗ്ര തെങ്ങുകൃഷി വികസനം പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം.72/17

സമഗ്ര തെങ്ങുകൃഷി വികസനം പദ്ധതി

വിനിയോഗിച്ച തുക – 5,98,380 രൂപ

ബിൽ നം. 6/16-17/30.03.17 – 1,86,000

ബിൽ നം. 3/16-17/23.03.17 – 4,12,380

ആകെ - 5,98,380

നിർവ്വഹണം - കൃഷി ഓഫീസർ ,മൂത്തേടം ഗ്രാമപഞ്ചായത്ത്

തെങ്ങിന് കുമ്മായ വിതരണം, കീടനാശിനി വിതരണം,ജൈവവളം എന്നിവയാണ് പ്രോജക്റ്റിൽ വിഭാവനം ചെയ്തത്.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സബ്സിഡി മാർഗ്ഗരേഖ ജി ഒ(എം എസ് )നം. 4/2016/തസ്വഭവ തീ.11.01.2016 പ്രകാരം ഒരു ഹെക്ടറോ

അതിൽ താഴെയോ ഭൂമിയുള്ള നാമമാത്ര കർഷകർക്കാർക്കാണ് (സ്വന്തമാണങ്കിലും പാട്ടകൃഷിയാണങ്കിലും ) ആനുകൂല്യം നൽകേണ്ടത് . എന്നാൽ താഴെ പറയുന്ന കർഷകരുടെ കാര്യത്തിൽ ഒരു ഹെക്ടറിൽ കൂടുതൽ ഭൂമിയുള്ള കർഷകർക്കുംനൽകി കാണുന്നു.ആയത് പാലിച്ചിട്ടില്ല.കാരണം വ്യക്തമാക്കേണ്ടതാണ്.

| ക്രമ നം | കർഷകന്റെ പേരും വിലാസവും | കൃഷി ഭൂമിയുടെ വിസ്തൃതി (ഏക്കർ) | സബ്സിഡി ഇനത്തിൽ നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ബാബു സാമുവൽ തേവരോട്ട് ,മൂപ്പിനി മൂത്തേടം (പി ഒ) | 4.5 | 1500 രൂപ | |
| 2 | വി എം ചാക്കോ പഴംപള്ളിൽ ,പാലാങ്കര (പി ഒ) | 3.08 | 1050 രൂപ | |
| 3 | അബ്ദുറഹിമാൻ തരിപ്പ നമ്പൂരിതിരിപ്പൊട്ടി (പി ഒ) | 3.10 | 1350 രൂപ | |
| 4 | കദീജ ചെമ്പ്രേരി,താളിപ്പാടം നമ്പൂരിതിരിപ്പൊട്ടി (പി ഒ) | 3.65 | 840 രൂപ | |
| 5 | തോമസ് അപ്പച്ചൻ ഉമ്മിക്കാട്ട് ,കാറ്റാടി മൂത്തേടം (പി ഒ) | 3.00 | 750 രൂപ | |
| 6 | ഉണ്ണി അലവി വരമ്പൻകല്ലൻ,ചെട്ടിയാരങ്ങാടി നമ്പൂരിതിരിപ്പൊട്ടി (പി ഒ) | 3.20 | 2400 രൂപ | |
| 7 | ചാക്കോഫിലിപ്പ് കല്ലുകുളം ചെട്ടിയാരങ്ങാടി നമ്പൂരിതിരിപ്പൊട്ടി (പി ഒ) | 6.40 | 2910 രൂപ | |
| 8 | ജോൺ കൂടാരത്തിൽ ,പാലാങ്കര (പി ഒ) | 4.30 | 1180രൂപ | |
| 9 | മാത്യു കുരീക്കാട്ടുപാറ,മൂപ്പിനി മൂത്തേടം (പി ഒ) | 4.50 | 1080രൂപ | |
| 10 | മുഹമ്മദാലി കാഞ്ഞിരംപ്പറ്റ മൂത്തേടം (പി ഒ) | 4.40 | 1050 രൂപ | |
| 11 | അസൈനാർ പള്ളിച്ചോല,എറയന്താങ്ങി ,കാരപ്പുറം (പി ഒ) | 3.91 | 900രൂപ | |
| 12 | ഉണ്ണിയമ്മ പാനോളി, മൂച്ചിപ്പരത | 3.50 | 960 രൂപ | |
| 13 | സാമുവൽ തേവരോട്ട് ,മൂപ്പിനി | 4.30 | 1050 രൂപ | |
| 14 | ചേനാട്ടുകുഴിയിൽ | 8.05 | 540 രൂപ | |

| | | | | |
|---|---|---|---|---|
| | ഹുസൈൻ,മരുതങ്ങോട് ,മുപ്പിനി മൂത്തേടം (പി ഒ) | | | |
| 15 | ഷൗക്കത്തലി തുപ്പിലക്കാടൻ ,കൽക്കുളം,ചീനിക്കുന്ന് | 3.39 | 600രൂപ | |
| 16 | ഷാജി വർഗ്ഗീസ് ആഞ്ഞിലി കുഴി , മുപ്പിനി,മൂത്തേടം (പി ഒ) | 2.80 | 660 രൂപ | |
| 17 | ഗോപാലകൃഷ്ണൻ പുറ്റാനിക്കാട്ടിൽ ,കൽകുളം ,കാരപ്പുറം (പി ഒ) | 3.46 | 420 രൂപ | |
| 18 | എബ്രഹാം തേവരോട്ട്,മുപ്പിനി ,മൂത്തേടം (പി ഒ) | 2.85 | 960 രൂപ | |
| 19 | തോമസ് തട്ടാംപറമ്പിൽ,മുപ്പിനി ,മൂത്തേടം (പി ഒ) | 3.41 | 780 രൂപ | |
| 20 | ഉമ്മർ ആലംകണ്ടി ,ചെമ്മംതിട്ട മൂത്തേടം (പി ഒ) | 4.11 | 900 രൂപ | |
| 21 | അബ്ദുള്ള അടുക്കത്ത് , കാരപ്പുറം (പി ഒ) | 4.00 | 1050 രൂപ | |
| 22 | തോമസ് ആഞ്ഞിലിമൂട്ടിൽ, പൂലപ്പൊയ്ക,മൂത്തേടം (പി ഒ) | 3.00 | 480 രൂപ | |
| 23 | ഹംസ വലിയപീടിയക്കൽ ,നെല്ലിപൊയിൽ,മൂത്തേടം (പി ഒ) | 3.61 | 960 രൂപ | |
| 24 | കുഞ്ഞഹമ്മദുകുട്ടി ചുള്ളികുളവൻ,ചോളമുണ്ട | 3.25 | 900 രൂപ | |
| 25 | അബ്ദുൾറഷീദ് മുണ്ടോടൻ,പച്ചളിപ്പാടം നമ്പൂരിതിരിപ്പൊട്ടി (പി ഒ) | 4.39 | 1140 രൂപ | |
| 26 | ജയശ്രീ ചുണ്ടപ്പറമ്പിൽ,കൽക്കുളം കാരപ്പുറം (പി ഒ) | 3.29 | 390 രൂപ | |
| 27 | വർഗ്ഗീസ് പാലമൂട്ടിൽ ,ഞാറപ്പാടം നമ്പൂരിതിരിപ്പൊട്ടി (പി ഒ) | 2.75 | 690 രൂപ | |
| 28 | അബ്രഹാം ഐക്കരക്കാനായിൽ നാരങ്ങമൂല,പാലാങ്കര (പി ഒ) | 3.68 | 660 രൂപ | |
| 29 | സണ്ണി തെക്കെപ്ലാന്തോട്ടൽ ,പാലാങ്കര (പി ഒ) | 4.92 | 1050 രൂപ | |
| 30 | ഇ എസ് ചൈതന്യൻ ഇടത്തൊടിയിൽ ,പനമ്പറ്റ | 3.77 | 1050 രൂപ | |

| | | | | |
|---|---|---|---|---|
| 31 | തോമസ് സാമുവൽ പുത്തൻപുരക്കൽ,പാലാങ്കര (പി ഒ) | 4.13 | 1140 രൂപ | |
| 32 | ജെയ്യോൻ മുട്ടംതോട്ടിൽ ആലുവാപൊട്ടി,പാലാങ്കര (പി ഒ) | 4.12 | 480 രൂപ | |
| 33 | അബ്ദുൾസലാം വടക്കൻ, കാരപ്പുറം (പി ഒ) | 3.12 | 1020 രൂപ | |
| 34 | മുഹമ്മദ് അഷ്റഫ് ,ചുള്ളിക്കുളവൻ ചോളമുണ്ട ,കാരപ്പുറം (പി ഒ) | 4.27 | 1500 രൂപ | |
| 35 | വർഗ്ഗീസ് ആർക്കേഡിയ ,മൂപ്പിനി മൂത്തേടം (പി ഒ) | 2.80 | 1050 രൂപ | |
| 36 | തോമസ് വാലോലിൽ,പുതുവായ്, കാരപ്പുറം (പി ഒ) | 3.21 | 1050 രൂപ | |
| 37 | ധർമ്മിഷ്ഠൻ വാദ്ധ്യാർമഠം മൂപ്പിനി ,മൂത്തേടം (പി ഒ) | 4.00 | 840 രൂപ | |
| | ആകെ | | 37,330 | |

2)പദ്ധതി പ്രകാരം 481 ഗുണഭോക്താക്കൾക്ക് ജൈവവളവും ,232 ഗുണഭോക്താക്കൾക്ക് കീടനാശിനിയും , 49 ഗുണഭോക്താക്കൾക്ക് ഇത്തിൾ കുമ്മായ വിതരണവുമാണ് നടത്തിയിട്ടുള്ളത് .എല്ലാ ഗുണഭോക്താക്കൾക്കും ഒരേ ക്രമത്തിൽ ആനുകൂല്യ വിതരണം നടത്താത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/01.08.17)മറുപടി ലഭ്യമാക്കിയില്ല. അപാകതക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാത്ത പക്ഷം സബ്സിഡി ഇനത്തിൽ അനർഹമായി നൽകിയ തുക കൃഷി ഓഫീസറിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.നഷ്ട തുക വ്യക്തമായ നഷ്ടത്തിലുൾപ്പെടുത്തുന്നു.

## 3-17 എസ് ടി കോർപ്പസ് ഫണ്ട് തുക വിനിയോഗിച്ചില്ല.

വാർഷിക കണക്കിൽ 14,75,700 രൂപ മറ്റു സ്ഥാപനങ്ങളിൽ നിന്നുള്ള വരവ് എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടുണ്ട് .വിശദാംശങ്ങൾ പരിശോധിച്ചതിൽ ഉച്ചകുളം എസ് ടി കോളനിയിൽ നെൽകൃഷി എന്ന പ്രോജക്റ്റിന്റെ നിർവ്വഹണത്തിനായി ലഭ്യമായിട്ടുള്ള എസ് ടി കോർപ്പസ് ഫണ്ടാണ് പ്രസ്തുത തുകയെന്ന് വെളിവായി .രശീതി നം.11604900043/ 31.01.2017 പ്രകാരം തനതുഫണ്ടിൽ വരവുവെച്ച തുക നാളിതുവരെയും വിനിയോഗിച്ചിട്ടില്ല .കാരണം വ്യക്തമാക്കേണ്ടതും ഫണ്ട് വിനിയോഗിക്കുന്നതിനു സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-18 ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

2016-17 വർഷത്തിൽ സ്പിൽ ഓവറായി നടപ്പിലാക്കിയ ഭവന നിർമ്മാണ ധനസഹായം (പ്രോജക്റ്റ് നം.15/17)പദ്ധതികളിൽപെടുന്ന, താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ | ഗുണഭോക്താവ് | ആകെ | റിമാർക്സ് |
|---|---|---|---|

| നം | | കൈപ്പറ്റിയ തുക | |
|---|---|---|---|
| 1 | ദിവാകരൻ ഒലിയിൽ ,പടിഞ്ഞാറേക്കര,കൽകുളം | 60,000 | ടി ഗുണഭോക്താവ് ഭാര്യയുടെ നിര്യാണത്തെ തുടർന്ന് പുനർവിവാഹിതനായി എടപ്പാളിലേക്ക് താമസം മാറ്റിയതായി അറിവായി |
| 2 | ചിരുത ചെറുതോടിക,കുഴിപ്പാംകുളം | 1,35,000 | |

മേൽ ഗുണഭോക്താക്കൾ അടിയന്തിരമായി ഭവന നിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 3-19 അടുക്കളത്തോട്ട വികസനം പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം.74/17

അടുക്കളത്തോട്ട വികസനം പദ്ധതി

വിനിയോഗിച്ച തുക -18,400

ബിൽ നം. 5/16-17/23.03.17

നിർവ്വഹണം - കൃഷി ഓഫീസർ ,മൂത്തേടം ഗ്രാമപഞ്ചായത്ത്

പദ്ധതി പ്രകാരം ജൈവകീടനാശിനി വിതരണം ,വിത്ത് വിതരണം എന്നിവയാണ് വിഭാവനം ചെയ്തത്.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)കൃഷി ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. ആയത് പരിശോധിച്ച് ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2) 230ഗുണഭോക്താക്കളിൽ നിന്നും 50 രൂപവെച്ച് 11,500രൂപ ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടുണ്ട് . പ്രസ്തുത തുക വിനിയോഗിച്ച് പച്ചക്കറി വിത്തുകളും , 18,400 രൂപ വിനിയോഗിച്ച് എല്ല്പ്പൊടി ,വെർമി കമ്പോസ്റ്റ് ,നീംകേക്ക് എന്നിവയും വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ജൈവകീടനാശിനി വിതരണം ,വിത്ത് വിതരണം എന്നിവയാണ് പദ്ധതിയിൽ വിഭാവനം ചെയ്തത് എന്നിരിക്കെ ജൈവവളം വിതരണത്തിനും തുക വിനിയോഗിച്ചത് എപ്രകാരമാണെന്ന് വ്യക്തമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/01.08.17)മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക (18,400 രൂപ )ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-20 മരുന്നുകൾ ലഭ്യമായില്ല

പദ്ധതി :- പി.എച്ച്. സി യിലേക്ക് മരുന്ന് (34/16-17 )

ചെലവ് :- 900000/- (എം.ജി നോൺ റോഡ് ) - ബി.നം 7/16-17/31.01.2017 (554000/-) , 11/16-17/ 15.03.2017
(346000/- )
നിർവഹണം – മെഡിക്കൽ ഓഫീസർ പി.എച്ച്.സി

പ്രഫോർമ ഇൻവോയ്സ് 888/15.12.2016 , 2645/18.02.2017 എന്നിവ പ്രകാരമുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനായി 900000/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക മുൻകൂറായി നൽകിയിട്ടും മരുന്നുകൾ ഒന്നും ഓഡിറ്റ് തിയതി വരെയും ലഭ്യമായിട്ടില്ല. ആരോഗ്യ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന മരുന്നുകൾ മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനായി ഇത്രയും തുക ചെലവഴിച്ചിട്ടും മരുന്നുകൾ ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നതിനാൽ പി.എച്ച്. സി യിലെത്തുന്ന രോഗികൾക്ക് അവശ്യമരുന്നുകൾ നൽകുവാൻ സാധിക്കുന്നില്ല. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ചെലവു തുക 90000/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-21 പരിരക്ഷ – പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്റ്റ് നം :- 33/16-17

ചെലവ് :- 564053/- (വികസന ഫണ്ട്)

നിർവ്വഹണം :- മെഡിക്കൽ ഓഫീസർ (പി.എച്ച്. സി )

2016-17 ൽ പരിരക്ഷ – പദ്ധതി നടപ്പിലാക്കിയതിൽ അപാകതകൾ ഉള്ളായി കാണുന്നു.

1. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.

എല്ലാ ഹോം കെയർ യൂണിറ്റുകളും ഹോം കെയർ ആവശ്യമായ രോഗികളെ സന്ദർശിക്കേണ്ട ഇടവേളകളും റൂട്ടും കണക്കിലെടുത്ത് ഒരു ഹോം കെയർ പ്ലാനിംഗ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഹോം കെയറിന് ഏരിയ തിരിച്ച് നിശ്ചയിക്കപ്പെട്ട വളണ്ടിയർമാരുടെ പേര് വിലാസം ,ഫോൺ നമ്പർ എന്നീ വിവരങ്ങൾ ചേർത്ത് നിർദ്ദേശിച്ച രീതിയിൽ വളണ്ടിയേഴ്സ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ മൂത്തേടം ഗ്രാമ പഞ്ചായത്തിലെ പരിരക്ഷ പദ്ധതിക്കായി ഇത്തരം രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. ഓരോ ദിവസവും ഹോം കെയർ നടന്നു കഴിഞ്ഞാൽ ഗൃഹസന്ദർശന വിവരങ്ങൾ , രോഗികൾക്ക് ലഭ്യമാക്കിയ സേവനങ്ങൾ എന്നീ വിവരങ്ങൾ ഹോം കെയർ റിപ്പോർട്ട് ബുക്കിൽ ഹോം കെയർ ചുമതലയുള്ള നേഴ്സ് രേഖപ്പെടുത്തേണ്ടതും തൊട്ടടുത്ത ദിവസം മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങിക്കേണ്ടതുമാണ്. എന്നാൽ ഹോം കെയർ റിപ്പോർട്ട് ബുക്കിൽ മെഡിക്കൽ ഓഫീസറുടെ ഒപ്പ് വാങ്ങിയതായി കാണുന്നില്ല.

2. രജിസ്റ്ററുകൾ വാങ്ങിയത് ഉപയോഗപ്പെടുത്തിയ വിവരം ലഭ്യമല്ല

പദ്ധതിയുടെ ഭാഗമായി വൗച്ചർ നം 341/17 പ്രകാരം 3 രജിസ്റ്ററുകൾ (3 X 250 =750/-) വാങ്ങിയിട്ടുണ്ട്. ഇതിൽ ആകെ 2 രജിസ്റ്ററുകൾ മാത്രമാണ് 2016-17 വർഷത്തിൽ പരിരക്ഷയുമായി ബന്ധപ്പെട്ട് (ഹോം കെയർ റിപ്പോർട്ട്) ഉപയോഗിച്ചിട്ടുള്ളത്. ഇതു കൂടാതെ 48രജിസ്റ്ററുകൾ കൂടി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം വാങ്ങിയതായി കാണുന്നു.

| ഇനം | എണ്ണം | തുക | റിമാർക്സ് |
|---|---|---|---|
| രജിസ്റ്റർ 160 | 40 | 4400 | ബി.നം 18/16-17/ 27.03.2017(17455/-) |
| രജിസ്റ്റർ 360 | 5 | 1050 | |
| രജിസ്റ്റർ 440 | 3 | 720 | |
| ആകെ | 48 | 6170 | |

ഈ രജിസ്റ്ററുകളുടെ സ്റ്റോക്ക് & ഇഷ്യൂ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. വളരെ അത്യാവശ്യ കാര്യങ്ങൾക്ക് മിതവ്യയം പാലിച്ച് ഫണ്ട് വിനിയോഗിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയിൽ (ഖ.2.7.1) വ്യക്തമാക്കിയിട്ടുണ്ട് . ഓഡിറ്റ് എൻക്വയറി 18/317-17

പ്രകാരം ടി രജിസ്റ്ററുകൾ എന്താവശ്യത്തിന് ഉപയോഗപ്പെടുത്തി എന്നുള്ള വിവരം ഹാജരാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും ആയത് ഹാജരാക്കുകയുണ്ടായില്ല. രജിസ്റ്ററുകളുടെ ഇഷ്യൂ/ഉപയോഗപ്പെടുത്തൽ സംബന്ധിച്ച വിവരം ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 3-22 എസ്.ടി കോളനികളിൽ മെഡിക്കൽ ക്യാമ്പ് - ക്രമ വിരുദ്ധമായി 5543/- രൂപ ചെലവഴിച്ചു

പ്രൊജക്റ്റ് നം :- 66 / 16-17

ചെലവ് :- 12985/- (ബി.നം. 2/16-17/18.10.2016 , 16/16-17/27.03.2017)

നിർവ്വഹണം :- മെഡിക്കൽ ഓഫീസർ (പി.എച്ച്. സി )

എസ്.ടി കോളനികളിലെ മെഡിക്കൽ ക്യാമ്പു ദിനങ്ങളിൽ വാഹന വാടക , റിഫ്രഷ്മെന്റ് ചെലവ് എന്നിവക്കായി തുക ചെലവഴിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടത്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ക്രമ വിരുദ്ധമായി വാഹന വാടക അനുവദിച്ചു - 4985/- രൂപ യുടെ അധികചെലവ്

വിവിധ എസ്.ടി കോളനികളിൽ പ്രതിരോധ കുത്തിവെപ്പിന് വാഹനം (KL 58-693 ജീപ്പ് ) ഓടിയ വകയിൽ വാടക ഇനത്തിൽ 4985/- രൂപ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| തിയതി / കോളനി | യാത്രയുടെ ഉദ്ദേശം | തുക |
|---|---|---|
| 22.04.2016<br>ഉച്ചക്കുളം എസ്.ടി കോളനി | പ്രതിരോധ കുത്തിവെപ്പ് | 997/- |
| 02.05.2016<br>തീക്കടി എസ്.ടി കോളനി | പ്രതിരോധ കുത്തിവെപ്പ് | 997/- |
| 10.06.2016<br>ഉച്ചക്കുളം എസ്.ടി കോളനി | പ്രതിരോധ കുത്തിവെപ്പ് | 997/- |
| 05.07.2016<br>നെല്ലിക്കുത്ത് എസ്.ടി കോളനി | പ്രതിരോധ കുത്തിവെപ്പ് | 997/- |
| 11.07.2016<br>പൂളക്കപ്പാറ എസ്.ടി കോളനി | പ്രതിരോധ കുത്തിവെപ്പ് | 997/- |

മെഡിക്കൽ ക്യാമ്പിന് അനുവദിച്ച തുക പ്രതിരോധ കുത്തിവെപ്പിനായി ചെലവഴിച്ചത് ക്രമത്തിലല്ല. മാത്രമല്ല പരിശോധനക്ക് ഹാജരാക്കിയ ട്രൈബൽ മെഡിക്കൽ ക്യാമ്പ് / ഇമ്മ്യൂണൈസേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ ഈ തിയതികളിൽ മെഡിക്കൽ ക്യാമ്പോ ഇമ്മ്യൂണൈസേഷൻ ക്യാമ്പോ നടന്നതായി കാണുന്നില്ല. പ്രതിരോധ കുത്തിവെപ്പ് ക്യാമ്പ് നടക്കാത്ത ദിവസങ്ങളിൽ വാഹന വാടക ഇനത്തിൽ 4985/- രൂപ അനുവദിച്ചത് ക്രമപ്രകാരമല്ല.

2. റിഫ്രഷ്മെന്റിനായി അധിക തുക ചെലവഴിച്ചു

മെഡിക്കൽ ക്യാമ്പ് ദിനങ്ങളിൽ റിഫ്രഷ്മെന്റിനായി ഒരാൾക്ക് 18/- രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ക്യാമ്പുകളിൽ ഹാജരായതിലും കൂടുതൽ ആളുകൾക്കായി തുക ചെലവഴിച്ചതായി കാണുന്നു.

| മെഡിക്കൽക്യാമ്പ് | ഹാജർ | അനുവദിക്കാവുന്നത് | അനുവദിച്ചത് | അധികം |
|---|---|---|---|---|
| 06.12.2016<br>ഉച്ചക്കുളം എസ്.ടി കോളനി | 28 | 28x18= 504 | 40x18=720 | 216 |
| 05.01.2017<br>തീക്കടി എസ്.ടി കോളനി | 31 | 31x18=558 | 40x18=720 | 162 |
| 04.02.2017<br>പൂളക്കപ്പാറ എസ്.ടി കോളനി | 30 | 30x18=540 | 40x18=720 | 180 |
| ആകെ | 89 | 1602 | 2160 | 558 |

ഈ ഇനത്തിൽ 558 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

ക്രമ വിരുദ്ധമായി ചെലവഴിച്ച 5543/-( 4985 + 558 ) രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് (നം.16/31.07.2017 ) മറുപടി ലഭ്യമാക്കിയില്ല.

## 3-23 ഒരേ ദിവസം വാഹന വാടക രണ്ടിനത്തിൽ അനുവദിച്ചതുവഴി 1400/- രൂപയുടെ അധികച്ചെലവ്

പ്രൊജക്റ്റ് :- സമഗ്ര ആരോഗ്യ പരിപാടി 33/16-17

ചെലവ് :- 16567/- (ചെ.നം. 1943225/22.02.2017 )

7425/- (ചെ.നം. 1864623/22.03.2017 )

നിർവ്വഹണം :- മെഡിക്കൽ ഓഫീസർ (പി.എച്ച്. സി )

സമഗ്ര ആരോഗ്യ പരിപാടിയുടെ ഭാഗമായി KL 58- 693 ടാറ്റ സുമോ ഒരു ദിവസം തന്നെ രണ്ട് യാത്രകൾക്കായി ഉപയോഗപ്പെടുത്തിയതായും വാടക നൽകിയതായും കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| തിയതി | യാത്ര | അനുവദിച്ച തുക |
|---|---|---|
| 10/11/16 | പ്രതിരോധ കുത്തിവെപ്പ് - രാവിലെ 9.30 മുതൽ 3.30 വരെ | 997 |
| | മാനസിക രോഗ ഒ.പി യിൽ രോഗികളെ എത്തിച്ച -രാവിലെ 10 മണി മുതൽ | 700 |
| 16.02.2017 | പ്രതിരോധ കുത്തിവെപ്പ് - രാവിലെ 9.30 മുതൽ 3.30 വരെ | 997 |
| | മാനസിക രോഗ ഒ.പി യിൽ രോഗികളെ എത്തിച്ച -രാവിലെ 10 മണി മുതൽ | 700 |

10/11/16 , 16.02.2017 എന്നീ തിയതികളിൽ പ്രതിരോധ കുത്തിവെപ്പിനായി വാഹനം ഓടിയ ഇനത്തിലുള്ള വാടക 1943225/22.02.2017 നമ്പർ ചെക്ക് വഴി പിൻവലിച്ച തുകയിൽ നിന്നും

അനുവദിച്ചിട്ടുണ്ട്. ഇതിനു ശേഷം 1864623/22.03.2017 നമ്പർ ചെക്ക് വഴി പിൻവലിച്ച തുകയിൽ നിന്നും ഇതേ ദിവസങ്ങളിൽ മാനസിക രോഗ ഒ.പി യിൽ രോഗികളെ എത്തിച്ചതിനായി വാഹന വാടക വീണ്ടും അനുവദിച്ചിട്ടുണ്ട്. ആയത് ക്രമപ്രകാരമല്ല. വാഹന വാടക അനുവദിക്കുമ്പോൾ പ്രസ്തുത തിയതിയിൽ ആ യാത്ര യഥാർത്ഥത്തിൽ നടന്നിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. അധികമായി അനുവദിച്ച 1400/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.
എൻക്വയറിക്ക് (17/31.07.2017 ) മറുപടി ലഭ്യമാക്കിയില്ല.

## 3-24 സാക്ഷരത തുല്യത പരിപാടി - പരീക്ഷ എഴുതിയവരുടെ പട്ടിക ഹാജരാക്കിയില്ല

പ്രൊജക്ട് നം :- 32/16-17

നിർവ്വഹണം :- എച്ച്. എം.ജി.എൽ.പി.എസ്

ചെക്ക് നം :- 1943223/16.02.2017

ഒരാൾക്ക് 1500/-രൂപ പ്രകാരം 129 പേർക്ക് 193500/- രൂപ പരീക്ഷാ ഫീസ് , കോഴ്സ് ഫീസ് എന്നിവക്കായി സാക്ഷരതാ മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ ടി തുക ഏതെല്ലാം ഗുണഭോക്താക്കൾക്കായി അടവാക്കി എന്നതും രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതിയവരുടെ വിവരം എന്നിവയും ഹാജരാക്കിയിട്ടില്ല. പരീക്ഷ എഴുതിയവരുടെ ലിസ്റ്റ് ജില്ലാ സാക്ഷരത മിഷനിൽ നിന്നും ആവശ്യപ്പെട്ടപ്പോൾ വിദ്യാർത്ഥികൾ ജില്ലയിലെ വിവിധ സെന്ററുകളിൽ പരീക്ഷ എഴുതുന്നതിനാൽ ലിസ്റ്റ് തരുന്നത് അപ്രായോഗികമാണെന്ന് അറിയിച്ചതായാണ് ഓഡിറ്റ് എൻക്വയറിക്ക് (19/31.07.2017 ) മറുപടി നൽകിയത്. ടി മറുപടി അംഗീകരിക്കാനാവില്ല. ഗ്രാമപഞ്ചായത്ത് ഫണ്ട് പരീക്ഷാ ഫീസ്, കോഴ്സ് ഫീസ് എന്നിവക്കായി ഉപയോഗപ്പെടുത്തിയ വിദ്യാർത്ഥികളുടെ വിവരം ഹാജരാക്കേണ്ടതാണ്.

## 3-25 സമഗ്ര വിദ്യാഭ്യാസ പദ്ധതി - സർക്കാർ മാർഗനിർദേശം പാലിച്ചില്ല.

പ്രൊജക്ട് നമ്പർ :- 29/16-17

നിർവ്വഹണം :- എച്ച്.എം.ജി എൽ.പി.എസ്

ചെലവ് :- 188625/- തനത് ഫണ്ട്

പദ്ധതിയുടെ ഭാഗമായി 24.03.2017 ന് കാരപ്പുറം ക്രസന്റ് യു . പി സ്കൂളിൽ വെച്ച് അദ്ധ്യാപക ശാക്തീകരണ പരിപാടിയും അദ്ധ്യാപക സംഗമവും നടത്തി. ഇതിനായി തനത് ഫണ്ടിൽ നിന്നും 20000/- രൂപ (ചെ.നം. 1943239/18.03.2017 ) ചെലവഴിച്ചു. വിശദ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക | റിമാർക്സ് |
|---|---|---|
| ഉച്ച ഭക്ഷണം(@ 120/-) | 110x120=13200 | 110 പേർക്കാണ് തുക ചെലവഴിച്ചത്. എന്നാൽ ടി പരിപാടിയുടെ ഹാജർ രേഖകളിൽ 94 പേർ പങ്കെടുത്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| ചായ , പലഹാരം | 2200 | |
| മൊമന്റോ | 1100 | |
| മൈക്ക്, ജനറേറ്റർ | 3500 | |

വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുന്നതിനും വേണ്ടി അദ്ധ്യാപക പരിശീലനം ഉൾപ്പടെ നിരവധി പരിപാടികൾ എസ്.എസ്.എ നടപ്പിലാക്കി വരുന്നുണ്ട്. 2016-17 വർഷത്തേക്ക് എസ്.എസ്.എ വിഹിതമായി സർക്കാർ നിശ്ചയിച്ച തുക 1119000/- പ്രൊജക്ട് നമ്പർ 27/16-17 പ്രകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള സർക്കാർ സ്കൂളുകളിൽ ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിന് മുൻഗണന നൽകാതെ ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നത് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക്(ജി.ഒ(എം.എസ്) 4/2016തസ്വഭവ തി.01.01.2016 ) വിരുദ്ധമാണ്. ഓഡിറ്റ് എൻക്വയറിക്ക് (20/31.07.2017) ഈ പ്രവർത്തനങ്ങൾ ഒന്നും തന്നെ എസ്.എസ്.എ.യോ മറ്റ് ഏജൻസികളോ നടത്തുന്നവയല്ല എന്ന മറുപടി നൽകിയെങ്കിലും ആയത് പരിഗണിക്കാവുന്നതല്ല. . സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 20000/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-26 ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1.പദ്ധതി :- എസ്.ടി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ 31/16-17

ബിൽ.നം :- 02/16-17/14.03.2017 – 75800/-(ടി.എസ്.പി )

2.പദ്ധതി :- എസ്.സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ 30/16-17

ബിൽ.നം :- 03/16-17/14.03.2017 – 450000/- (എസ്.സി.പി ) ,

തനതുഫണ്ട് 1010/- (1943222/16.02.2017)

ജി.ഒ (എം.എസ്) 362/13 തസ്വഭവ 16.11.13 പ്രകാരം പട്ടിക ജാതി /പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് 4000/- രൂപ എന്ന പരിധിക്ക് വിധേയമായി ഫർണിച്ചർ വാങ്ങി നൽകാം. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം സ്കൂൾ അധികൃതർ മുഖേനയാണ് വിതരണം ചെയ്യേണ്ടത്. ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചിരിക്കണം. ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമെ ഈ ആനുകൂല്യം നൽകാവൂ. മേൽപ്പറഞ്ഞ പദ്ധതികളുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ (1മേശ + 1കസേര = 3790/-) വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.പട്ടിക ജാതി /പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ/പഠന ഉപകരണങ്ങൾ വാങ്ങി നൽകുമ്പോൾ ബന്ധപ്പെട്ട വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ആയത് ലഭിച്ചിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഫർണിച്ചർ/പഠന ഉപകരണങ്ങൾ പട്ടിക ജാതി /പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്ന് ലഭിച്ചിട്ടില്ല എന്നതിന് സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2. ഗുണഭോക്താക്കൾ എസ്. സി/ എസ് .ടി വിഭാഗത്തിലെ വിദ്യാർത്ഥികളാണ് എന്നതിനുള്ള സ്കൂൾ അധികൃതർ നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണെങ്കിലും മുഴുവൻ ഗുണഭോക്താക്കളുടേയും സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

3. പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ ,പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ എന്നീ പദ്ധതികളിൽ ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച് നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ഫർണിച്ചർ വിതരണം ചെയ്തതായി കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | ആകെ ഗുണഭോക്താക്കൾ | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർ | റിമാർക്സ് |
|---|---|---|---|---|

| ക്രമ നം | പദ്ധതി | ആകെ ഗുണഭോക്താക്കൾ | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർ | റിമാർക്സ് |
|---|---|---|---|---|
| 1 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ 31/16-17 | 20 | 7 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടുകയും സാക്ഷ്യപത്രം ഹാജരാക്കുകയും ചെയ്തവർക്ക് വിതരണം ചെയ്തിട്ടില്ല. |
| 2 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ 30/16-17 | 119 | 23 | 119 യൂണിറ്റ് (1മേശ +1കസേര)വാങ്ങിയെങ്കിലും 117പേർക്കു മാത്രമെ വിതരണം ചെയ്തിട്ടുള്ളു. |

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം 20/31.07.2017 ) തുടർന്നു വരുന്ന പ്രവർത്തനങ്ങളിൽ അശ്രദ്ധ പറ്റാതെ ചെയ്യാൻ ശ്രമിക്കുന്നതാണ് എന്നും ക്രമ നം 2 ൽ വിതരണം ചെയ്യാൻ ബാക്കിയുള്ള 2 മേശയും 2 കസേരയും വരും വർഷം നൽകുകയോ പ്രസ്തുത ഫർണിച്ചറുകളുടെ വില സർക്കാരിലേക്ക് തിരിച്ചടക്കുകയോ ചെയ്യാമെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

ക്രമ നം 1 ൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത 7 പേർക്ക് ഫർണിച്ചർ നൽകാൻ ചെലവഴിച്ച 26530/- (7x3790) രൂപയും ക്രമ നം 2 ലെ 25 ( ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത 23 പേർ + വിതരണം ചെയ്യാത്തത് 2 ) യൂണിറ്റിന്റെ വില (25x3790) 94750/- രൂപയും ചേർത്ത് 121280/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-27 പദ്ധതി പൂർണ്ണമായും ഉപകാരപ്രദമായില്ല

പ്രൊജക്ട് നം :- 67/16-17 (എസ്.ടി. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ )

നിർവ്വഹണം :- എച്ച്. എം.ജി.എൽ.പി.എസ്

ബിൽ നം :- 4/16-17 / 14.03.2017-29969/-

ബാഗ് ,കുട , ചെരുപ്പ് , നോട്ട് ബുക്ക് , ഇൻസ്ട്രുമെന്റ് ബോക്സ് എന്നിവ നൽകാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്. എന്നാൽ പദ്ധതി നടപ്പിലാക്കിയപ്പോൾ ഒരു വിദ്യാർത്ഥിക്ക് 10 നോട്ട് ബുക്ക് , 1ഇൻസ്ട്രുമെന്റ് ബോക്സ് എന്നിവ മാത്രമാണ് വിതരണം ചെയ്തത്. 111 പേർക്ക് വിതരണം ചെയ്തിട്ടുണ്ടെങ്കിലും സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രം 71 പേരുടേത് മാത്രമാണ് ഫയലിൽ ലഭ്യമാക്കിയത്. കൂടാതെ സ്കൂൾ സാക്ഷ്യപത്രം അനുസരിച്ച് ഇവരിൽ 15 പേർ 1,2 ക്ലാസ്സുകളിലെ വിദ്യാർത്ഥികളാണ്. ഭൂരിഭാഗവും എൽ.പി വിഭാഗം വിദ്യാർത്ഥികളാണ്. ഗുണഭോക്താക്കൾക്ക് ആവശ്യമുള്ള പഠനോപകരണങ്ങളല്ല പദ്ധതിയിലൂടെ വിതരണം ചെയ്തത്. ആയതിനാൽ പദ്ധതി പൂർണ്ണമായും ഉപകാരപ്രദമായില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. നോട്ട് ബുക്കിനോടൊപ്പം നൽകിയ ഇൻസ്ട്രുമെന്റ് ബോക്സ് വരും വർഷങ്ങളിൽ ആവശ്യമായി വരുന്ന പക്ഷം അവർക്ക് ഉപയോഗപ്പെടുത്താം എന്ന മറുപടിയാണ് ( എൻക്വയറി നം. 22/31.07.2017) ലഭ്യമാക്കിയത്. ചെലവു തുക 29969/- രൂപ തടസ്സം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ഓഡിറ്റ് വർഷത്തിൽ സംയുക്ത പ്രൊജക്ടുകൾക്ക് ഫണ്ട് ലഭിച്ചിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | ലൈൻ നീട്ടൽ | 41600203 | 128800 | 0 | 128800 |
| | ലൈൻ നീട്ടൽ | 41600204 | 1033600 | 0 | 1033600 |
| GWD | കുഴൽ കിണർ നിർമ്മാണം | 41600202 | 210207 | 0 | 210207 |
| KSEB | സമ്പൂർണ്ണ വൈദ്യുതീകരണം | 21600743 | | 0 | 675000 |
| | | 216007637 | 675000 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവർത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശം | ഉത്തരവ് നമ്പർ തിയതി | വായ്പാതുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക (മുതൽ) | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ(സാ) നം 909/2010 /തസ്വഭവ. തി 18.03.2010 | 7000000 | 2175474 | 800000 | 1375474 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 9989/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2015-16 | 2.2(3) | 400 | കെ.എ.അബ്ദുൾ ഗഫൂർ , സെക്രട്ടറി | 11602105751/18.02.2017 |
| | 2.2(3) | 150 | പി.ടി.തോമസ്, റബ്ബർ ഉത്പാദക സഹകരണ സംഘം സെക്രട്ടറി | 11602105292/09.02.2017 |
| | 2.2(4) | 2500 | എ.ഇ. , കെ.എസ്.ഇ.ബി നിലമ്പൂർ | 11602400011/30.01.2017 |
| | 3.3 | 1634 | എം. രമണി ,റിട്ട. സെക്രട്ടറി | 11602103835/05.01.2017 |
| 2014-15 | 2.5 | 180 | രാധിക , ചെമ്മന്തിട്ട kss Ltd | 116022102389/22.10.2016 |
| 2014-15 | 2.2 | 1200 | സെക്രട്ടറി , KSS Ltd ,ചേലക്കടവ് | 11602103962/11.012017 |
| 2014-15 | 2.2 | 300 | സെക്രട്ടറി , KSS Ltd ,ചേലക്കടവ് | 11602103963/11.012017 |
| 2014-15 | 2.2 | 2500 | മാനേജർ ഡോക്ടേഴ്സ് ക്ലിനിക് കാരപ്പുറം | 11602103988/11.012017 |
| 2014-15 | 2.2 | 300 | മാനേജർ ഡോക്ടേഴ്സ് ക്ലിനിക് കാരപ്പുറം | 11602103989/11.012017 |
| (2007-08) - (2009-10) | 2.2 | 480 | ടി.പി.ഹരിദാസൻ (മുൻ ഹെഡ് ക്ലർക്ക് ) | 11602102325/18.10.2016 |
| 2013-14 | 2-2 | 345 | എം. രമണി ,റിട്ട. സെക്രട്ടറി | 11602103836/05.01.2017 |
| ആകെ | | 9989/- | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 01.04.97 - 31.03.00, 01.10.01 - 31.03.02 | 45 | 2003-04 | 3.10.6.1 | അഗ്രോ സർവ്വീസ് സെന്റർ പ്രവർത്തിക്കുന്നില്ല. | നടപടി തുടരുന്നു. |
| 01.04.97 - 31.03.00, 01.10.01 - 31.03.02 | 67 | 2003-04 | 3.10.6.2(1) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 01.04.97 - 31.03.00, 01.10.01 - 31.03.02 | 68 | 2003-04 | 3.10.6.2(2) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 01.04.97 - 31.03.00, 01.10.01 - 31.03.02 | 71 | 2003-04 | 3.10.6.2(3) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 01.04.97 - 31.03.00, 01.10.01 - 31.03.02 | 72 | 2003-04 | 3.10.6.2(4) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 01.04.97 - 31.03.00, 01.10.01 - 31.03.02 | 73 | 2003-04 | 3.10.6.2(5) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 01.04.97 - 31.03.00, 01.10.01 - 31.03.02 | 75 | 2003-04 | 3.10.6.2(6) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 59239278(മുൻബാക്കി ഉൾപ്പടെ ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42654083 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 378092 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3936769 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 110380 | ഡോ. റഷീന.ടി.പി. |
| 3-9 | -- | 3059 | ശ്രീ . ഫ്രാൻസിസ്. എ. ഫെർണാണ്ടസ് . അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | -- | 24044 | ശ്രീ . ഫ്രാൻസിസ്. എ. ഫെർണാണ്ടസ് . അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12 | -- | 16261 | ശ്രീ . ഫ്രാൻസിസ്. എ. ഫെർണാണ്ടസ് . അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | | 35795 | ശ്രീ . ഫ്രാൻസിസ്. എ. ഫെർണാണ്ടസ് . അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15 | -- | 3000 | ശ്രീമതി . അന്ന , കൃഷി ഓഫീസർ |
| 3-16 | | 37330 | ശ്രീമതി . അന്ന , കൃഷി ഓഫീസർ |
| 3-22 | -- | 5543 | ഡോ. റഷീന . ടി.പി , മെഡിക്കൽ ഓഫീസർ , പി.എച്ച്.സി |
| 3-23 | -- | 1400 | ഡോ. റഷീന . ടി.പി , മെഡിക്കൽ ഓഫീസർ , പി.എച്ച്.സി |
| 3-25 | -- | 20000 | ശ്രീ . ഹരിന്ദ്രനാഥൻ പിള്ള , ഹെഡ്മാസ്റ്റർ , ജി.എൽ.പി.എസ് ചോളമുണ്ട |
| 3-26 | -- | 121280 | ശ്രീ . ഹരിന്ദ്രനാഥൻ പിള്ള , ഹെഡ്മാസ്റ്റർ , ജി.എൽ.പി.എസ് ചോളമുണ്ട |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3- 2 | 1837400 | ശ്രീ. അബ്ദുൾ ഗഫൂർ , സെക്രട്ടറി |
| 3- 5 | 150000 | ശ്രീ. അബ്ദുൾ ഗഫൂർ , സെക്രട്ടറി |
| 3-6 | 400000 | ശ്രീ. അബ്ദുൾ ഗഫൂർ , സെക്രട്ടറി |
| 3-14 | 290000 | ശ്രീമതി . അന്ന , കൃഷി ഓഫീസർ |
| 3-15 | 311000 | ശ്രീമതി . അന്ന , കൃഷി ഓഫീസർ |
| 3-19 | 18400 | ശ്രീമതി . അന്ന , കൃഷി ഓഫീസർ |

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-20 | 900000 | ഡോ. റഷീന . ടി.പി , മെഡിക്കൽ ഓഫീസർ , പി.എച്ച്.സി |
| 3-27 | 29969 | ശ്രീ . ഹരിന്ദ്രനാഥൻ പിള്ള , ഹെഡ്മാസ്റ്റർ , ജി.എൽ.പി.എസ് ചോളമുണ്ട |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ . ഫ്രാൻസിസ്. എ. ഫെർണാണ്ടസ് . അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി മൂത്തേടം | വലിയ വീട്ടിൽ , അരുവാക്കോട് റോഡ് , നിലമ്പൂർ പി.ഒ |
| ശ്രീമതി . അനു , കൃഷി ഓഫീസർ | കൃഷി ഓഫീസർ ( താത്കാലികം ) | ചോലയിൽ വീട് , ചുങ്കത്തറ പി. ഒ |
| ഡോ. റഷീന . ടി.പി , മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി , മൂത്തേടം | കളത്തിങ്ങൽ വീട് , മുണ്ട പി.ഒ |
| ശ്രീ . ഹരിന്ദ്രനാഥൻ പിള്ള , ഹെഡ്മാസ്റ്റർ , ജി.എൽ.പി.എസ്ചോളമുണ്ട | ഹെഡ്മാസ്റ്റർ , ജി.എൽ.പി.എസ് ചോളമുണ്ട | തയ്യിൽ വീട് , എടക്കര പി.ഒ |

**4-9** <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.</u>

| | | |
|---|---|---|
| 1994-95 | എൽ.എഫ്.എം.5/2405/14 തി.14.10.2014 | 4 |
| 1995-96 | എൽ.എഫ്.എം.5/841/10 തി.10.06.2010 | 5 |
| 2002-03 | എൽ.എഫ്.എം.13/1227/1999 തി.09.02.2000 | 17 |
| 2003-04 | എൽ.എഫ്.എം.5/845/10 തി.10.06.2010 | 13 |
| 2004-05 | എൽ.എഫ്.എം.5/1484/2011 തി.02.07.2011 | 19 |
| 2005-06 | എൽ.എഫ്.എം.16/931/09 തി.02.11.2010 | 4 |
| 2006-07 | എൽ.എഫ്.എം.5/2175/2011തി.03.05.2012 | 16 |
| 2007-08<br>2008-09<br>2009-10 | എൽ.എഫ്.എം.5/1626/12തി.20.07.2012 | 38 |
| 2010-11 | എൽ.എഫ്.എം.5/1516/2013 തി:24.08.2013 | 10 |
| 2011-12<br>2012-13 | എൽ.എഫ്.എം.5/260/15 തി:16.07.2015 | 13 |
| 2013-14 | കെ.എസ്.എ.എം.പി.എം..5/637/15തി.02.11.15 | 13 |
| 2014-15 | കെ.എസ്.എ.എം.പി.എം.5/759/16 തി.12.06.17 | 7 |
| 2015-16 | കെ.എസ്.എ.എം.പി.എം.5/3005/16തി.25.11.16 | 17 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.8/17

## <u>അനുബന്ധം - 1</u>

# AUDIT CERTIFICATE

No. KSA/MPM.5/1821/2017

Kerala State Audit Department,
District Office, Malappuram.
Date 19-08-2017

Certified that I have Audited the Annual Financial Statement of Moothedam Grama Panchayath in Malappuram District for the year 2016-17 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the Kerala Panchayat Raj Act 1994, the rules there under and the guidelines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Moothedam Grama Panchayath for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

DeputyDirector,
Kerala State Audit Department,
District Office, Malappuram.

എം.എ.8/17

## അനുബന്ധം - 2

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്. എ.എം പി .എം.5/1821/2017

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി .19-08-2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മൂത്തേടം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷികധനകാര്യ പത്രിക വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003 ജൂൺ 12ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.